Registered No. M-4485

Madras War Review { MALAYALAM 18-2-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1944 ഫിബ്രുവരി 18-ാംനു, വെള്ളിയാഴ്ച [ലക്കം 24



## ഹിററ്ലറെ അവന്റെ ക്രൂട്ടിൽ ചെന്ന് ഞങ്ങൾ പിടിക്കും

കഴിഞ്ഞ കാലങ്ങളിൽ ഹിററ്ലർക്ക് വിശ്വജിത് യാഗം കഴിക്കേണമെന്നുണ്ടായിരുന്ന പ്ലാൻ ഞങ്ങൾ തോട്ടിൽ ചാടിച്ചു. അവൻ മോഷ്ടിച്ച മുതലിൽ കുറെയൊക്കെ വീണ്ടെടുക്കുകയും ചെയ്തു. അധികം താമസിയാതെ ഇനിയും വീണ്ടെടുക്കുമെന്നു മാത്രമല്ല ഹിററ്ലറെ അവന്റെ കൂട്ടിൽ ചെന്ന് ഞങ്ങൾ പിടിക്കും. അവന്റെ സൈന്യങ്ങളെ നശിപ്പിക്കുന്നതിന്നു പുറമെ ഹാലാഹലതുല്യമായ പ്രചാരവേലയും ഞങ്ങൾ തുലക്കും.

—പ്രസിഡെണ്ട് റൂസ്‌വെൽട്ട്, ഐറിഷ് കോൺഗ്രസ്സ് പ്രസിഡെണ്ടിന്നു ഒരു സന്ദേശം അയച്ചതിൽനിന്ന് (ഫിബ്രുവരി 12-ാം തിയ്യതി)

## വിഷയവിവരം


| | ഭാഗം |
|---|---|
| ഹിററ്ലറെ അവൻെറ കൂട്ടിൽ ചെന്ന് ഞങ്ങൾ പിടിക്കും. | 1 |
| കേരളത്തിലെ കൎഷക സംസ്കാരം.. .. .. | 2 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 4 |
| പ്രത്യേക ലേഖനങ്ങൾ : | |
| ഇററലി, റഷ്യ .. .. .. .. | 5, 6 |
| ഫ്ലൈററ് സാർജൻററ് ഗ്രൂപ്പർ .. .. .. | 7, 8, 9 |
| ധൈററില .. .. .. .. .. | 10 |
| ശരൽപ്രഭാതത്തിലെ ആകാശ മണ്ഡലം .. .. | 11, 12 |
| വീരകൃത്യം, അഥവാ താനാജി .. .. | 13, 14, 15 |
| 500 ക. ഇനാം .. .. .. .. | 16 |


# കേരളത്തിലെ കർഷക സംസ്കാരം

ഏതൊരു സമുദായത്തിൻെറയും ജീവനാഡി കൎഷകനാണ്. തൻെറ കരബലംകൊണ്ട് ഭൂമിദേവിയോട്ട പൊരുതി യഥാൎത്ഥ സ്വത്ത് നിൎമ്മിക്കുന്നവൻ ഇവനാണ്. സമുദായ വിപ്ലവമുണ്ടാകുമ്പോൾ, കൊടുങ്കാററിൽപെട്ട കപ്പലിന്ന് നംങ്കൂരമെന്നപോലെ, സമുദായത്തെ നശിപ്പിക്കാതെ, കോളിൽപെട്ട് തോണി മുങ്ങാതെ, കഴിക്കുന്ന സുസ്ഥിരമായ ഏകവസ്തു ഇവനാണ്. പ്രകൃതിപാഠം വായിച്ചു മനഃസംസ്കാരം വരുത്തുന്ന ഏക വിദ്യാൎത്ഥി ഇവനാണ്. ഇവനെ നന്നാക്കിത്തീൎക്കുവാൻ ഗവമ്മേണ്ട് പലേ കാൎയ്യങ്ങളും ചെയ്യുന്നുണ്ട്. നാളെ യുദ്ധാനന്തരമുണ്ടാകുന്ന ഇന്ത്യയുടെ ഭാവി നന്നാക്കിത്തീൎക്കുവാൻ ഗവമ്മേണ്ട് ആസ്പദിക്കുന്നതും ഇവനെയാണ്. അതിനാൽ, പ്രകൃതിദേവി അതിസുന്ദരമായി സംസ്കരിച്ചതായ ഇവൻെറ "സ്വത്വരൂപം" അല്ലെങ്കിൽ "പേർസനാലിട്ടി" യുണ്ടല്ലൊ, അതിനെ നമ്മുടെ പരിഷ്കാരബുദ്ധിയുടെ മലിനത ബാധിക്കാൻ സമ്മതിക്കാതെ, ഇപ്പോൾ മങ്ങിക്കിടക്കുന്ന സ്ഥിതിയിൽനിന്നൊന്നു തെളിയിച്ചു പുഷ്ടിപ്പെടുത്തി കേരളത്തിന്നൊരു പ്രത്യേക ശോഭ വരുത്തുവാൻ സൎവ്വവിധേനയും നാം ശ്രമിക്കേണ്ടതാണ്. താഴെ കൊടുക്കത്തിരിക്കുന്ന പാട്ട് കേരളത്തിലെ കൎഷകൻെറ സംസ്കാരസമ്പ്രദായം എത്രയും വിശദമാക്കുന്നു. ഈ സൂക്തത്തിന്നു വാച്ചും മററും ആവശ്യമില്ല സമയമറിവാൻ. പകൽ നിഴൽ അളന്ന് സമയം കണക്കാക്കുന്നു. രാത്രി നക്ഷത്രം നോക്കിട്ടും സമയം നിൎണ്ണയിക്കുന്നു. ഈ പാട്ട് നക്ഷത്രം നോക്കി സമയം അറിവാനുള്ളതാണ് —

"തിരുവോണത്തിനു മേടം തൊട്ടി
ട്ടൊന്നരനാഴിക ചെന്നീടുന്നു,
പിന്നെയവയിട്ടം മദ്ധ്യാഹ്നത്തിനു
മേഷ്ഠേനാഴിക മൂന്നേമുക്കാൽ.
ചതയത്തിന്നിഹ ചതിയില്ലേതും
എടവത്താലങ്ങൊന്നര ചെല്ലും
പുനരുടനിടവം കഴിയുന്നേരം
പൂരോരട്ടാതി ഉച്ചതിരിഞ്ഞു.
ഉത്രട്ടാതിക്കുണ്ടിഹ പണ്ടേ
രണ്ടേമുക്കാൽ നാഴിക മിഥുനെ.
എരവതിവിരവിനൊടുയരുന്നേരം
തെരുതെരെ മിഥുനം നടനംചെയ്യും.
അശ്വതിനാളിനു കൎക്കിടകത്തിൽ
വിശ്വാസാലൊരു നാഴിക ചെല്ലും
ഭരണിക്കിന്നുകളീരെ നാഴിക
പരിചിനൊടഞ്ചും പരമിഹചെല്ലും.
കാൎത്തികനാളിനു ചിങ്ങ്യംതന്നിൽ
കീൎത്തിവളന്നൊരുനാഴിക ചെല്ലും.
രോഹണിയുച്ചക്കാദരവോടെ
സിംഹെനാഴിക മൂന്നും ചെല്ലും.
പിന്നെ മകീരം മുന്നിൽനടന്നാൽ
കന്നിയിൽ നാഴിക പാദംചെല്ലും.
ആതിരതിരിയുംമുന്നെ കന്നിയി
ലൊന്നര നാഴിക ചെന്നീടുന്നു.
പുണർതോച്ചക്ക് തുലാത്തിൽകാലും,
പൂയത്തിന്നിഹ രണ്ടരചെല്ലും.
ആയില്യം പോന്നുച്ചയാതാംപോ
ളന്തിപിണഞ്ഞു തുലാത്തിലിദാനീം.
മകമുച്ചക്കും വൃശ്ചികരാശിയി
ലൊന്നരനാഴിക ചെന്നീടുന്നു.
പൂരംനാളിനു നേരെവന്നാൽ
വൃശ്ചികരാശിയിൽ നാലുംചെല്ലും.
ഉത്രത്തിന്നരനാഴിക ചെല്ലും
ചിത്രൻധനുവിസ്സമ്മതമോടെ
അത്തംനാൾക്കും ചെല്ലും ധനുവിൽ
കൃത്യം നാഴിക മൂന്നേമുക്കാൽ.
എത്തിരചെല്ലും ചാപെനാഴിക
ചിത്തിരയുച്ചക്കഞ്ചേകാലും.
ചോതിക്കമ്പൊട്ടു മകരംരാശിയിൽ
ഒന്നരനാഴിക ചെന്നീടുന്നു.
പിന്നെവിശാഖമതുച്ചയതാംപോൾ
മകരംരാശിയിൽ മുഴവൻചെല്ലും.
അമ്പിനൊടനിഴമതുച്ചയതാംപോൾ
കുംഭത്തിൽ അരനാഴികചെല്ലും.
കേട്ടക്കെന്നും കുംഭംതന്നിൽ
കേട്ടാലും പുനരൊന്നേകാലു.
മൂലംനാളിനു മുഴവൻ കുംഭം
കഴിവാൻ നാഴിക പാദംപോരാ.
പൂരാടംവന്നുച്ചയതാംപോൾ
മീനംരാശിയിലൊന്നേകാലു.
ഉത്രാടത്തിനു മീനംതന്നിൽ
മൂന്നരനാഴിക ചെന്നീടുന്നു.

ഈ പാട്ടിൽ അടങ്ങിയ ശാസ്ത്രത്തെ ഉപന്യസിച്ചു കൊണ്ടുള്ള ഒരു ലേഖനമാണ് ആന്യത്ര ചേൎത്തിരിക്കുന്നതു്.

# പ്രതിവാരചിന്തകൾ

നാട്ടു നന്നാവാൻ വേണ്ടി പലേ തരത്തിലുള്ള പ്ലാനും തെയ്യാറാക്കുക തന്നെയാണ് പ്രാരബ്ധങ്ങളൊന്നുമില്ലാതെ ഏറക്കുറെ സൈ്വരമായിരിക്കുന്നവൎക്കെല്ലാം ഇപ്പോഴം പണി. ഇതിൽ പ്രധാനമായി സാമ്പത്തികസ്ഥിതി നന്നാക്കുവാനുള്ള പ്ലാൻ തന്നെയാണധികം. ഉദര നിമിത്തമല്ലെ ബഹുകൃതവേഷം മനുഷ്യൻ എടുക്കുന്നതു്! തന്റെ ശരിയായിട്ടുള്ള വേഷം മറച്ചുവെച്ചു്, ഒടുവിൽ അതിനെ നിശ്ശേഷം



മലബാറിലെ പശുക്കളെ അല്പം ശ്രദ്ധയോടുകൂടി ശുശ്രൂഷിക്കുന്നപക്ഷം നമ്മുടെ രാജ്യത്തിന്നു ശരിയായി ഒരു ഗോകുലം ഇന്ത്യയിലുണ്ടാകയില്ല. കാലിക്കൂട്ടത്തിന്റെ കോലം നന്നാക്കി, പാലും നെയ്യും അമൃതിന്നു തുല്യമാക്കുന്ന പുല്ലു് നമ്മുടെ രാജ്യത്തുണ്ടാകുന്ന മാതിരി മറെറങ്ങാനുമുണ്ടോ?

നശിപ്പിച്ചുകൊണ്ടാണ് ഈ വേഷങ്ങൾ കെട്ടുന്നതു്. അതിനാൽ മനുഷ്യപ്രകൃതി മനുഷ്യനിൽ പരിശുദ്ധമായി പ്രകാശിക്കേണമെങ്കിൽ ആദ്യമായി വേണ്ടതു ഉദരം ഒരു നിമിത്തമാകാതെ കഴിക്കുക തന്നെയാണ്. എന്നാൽ എത്രയും സുലഭമായി പത്രപങ്ങ്തികളിൽ കാണുന്ന പ്ലാൻ കണ്ടൊന്നും കേരളീയരായ നാം ഭ്രമിച്ചുപോകരുതു്. ഇന്ത്യ ഇവിടുന്നങ്ങോട്ടു് വ്യാവസായികമായ ഒരു ജീവിതം ആചരിച്ചുവരേണമെന്നാണ് അത്യധികം ആദരണീയമായ ഒരു പ്ലാൻ. വ്യാവസായിക ജീവിതം കൊണ്ടു് പോക്കററിൽ പണം നിറഞ്ഞേക്കുമെന്നു് അറിയുമ്പോൾ ആയതു് ഏററവും ആകൎഷണീയമായ പ്ലാൻ തന്നെ.

## സമുദായ ജീവിത സുഖം

പക്ഷെ ഇങ്ങിനെ പണം വന്നു നിറഞ്ഞതുകൊണ്ടായില്ല. സാമുദായിക ജീവിതത്തിൽ സുഖപ്രാപ്തിയുണ്ടാകേണമെങ്കിൽ സമസ്തലോകവും സുഖമായിരിക്കേണമെന്നുള്ള ബുദ്ധി ഓരോ ഹൃദയത്തിലും ഉദ്ഭവാകുമ്പോൾ മാത്രമെ ഉണ്ടാവൂ. ഇതു് ഒരു വെറും വ്യാവസായിക സമുദായത്തിന്നു സാദ്ധ്യമല്ല. മൊതലാളികളും തൊഴിലാളികളും തമ്മിൽ ഒരു കാലത്തും തീൎത്താൽ തിരാത്തതായ സ്പൎദ്ധയുടെ വിളനിലമാണ് ഒരു വ്യാവസായിക സമുദായം. വലിയ വലിയ പട്ടണങ്ങളിൽ തൊഴിലാളി വഴക്കു അവസാനിച്ച കാലം എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? വഴക്കില്ലാതെയാകാൻ പലേ നിയമങ്ങൾ പാസ്സാക്കുന്നു; അതനുസരിച്ചു് വഴക്കുകൾ തീൎക്കുവാനുള്ള ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുകയും ചെയ്യുന്നു. പക്ഷെ അതുകൊണ്ടൊന്നും കാൎയ്യമില്ല. കാശുള്ളവന്നു മൊതലാളി വേഷം കെട്ടുവാനുള്ള മോഹവും ഇല്ലാത്തവന്നു തൊഴിലാളിയുടെ ഭാവം അഭിനയിപ്പാനുള്ള ശീലവും, രണ്ടും പ്രകൃതിദത്തമാണ്. വ്യവസായങ്ങളിൽ ഭ്രമിച്ചു് അതനുസരിച്ചുള്ള ജീവിതം ആചരിച്ച പാശ്ചാത്യരാജ്യങ്ങൾ വല്ല കഷ്ടങ്ങളും ഇന്നനുഭവിക്കുന്നുണ്ടെങ്കിൽ ആയതു് മൊതലാളി തൊഴിലാളി വഴക്കു് മാത്രമാണ്.

## കൃഷി എന്നും പ്രധാനമായിരിക്കണം

അതിനാൽ വെറും വ്യാവസായികമായ ഒരു ജീവിതം ആചരിക്കാനുള്ള ഭ്രമം കേരളീയൎക്കു ഇല്ലാതിരിക്കേണമെന്നാണ് പ്രാൎത്ഥന. എന്നാൽ വ്യവസായ

ങ്ങൾ കൂടാതെ കഴികയുമില്ല. ഒരു കൊല്ലത്തെ 365 ദിവസത്തിൽ എത്ര ദിവസത്തിന്നു കൃഷിപ്പണിയുണ്ടു്? ആറു മാസത്തിന്നുണ്ടെന്നു വെക്കാം. ബാക്കി ആറു മാസം കൃഷിക്കാർ വെറുതെ ഇരിക്കുകയല്ലെ? പ്രത്യേകിച്ചും മഴയെ മാത്രം ആസ്പദിച്ചു് കണ്ടങ്ങളിൽ ചാലിടുന്ന നമുക്കു ഒരു കൊല്ലം മുഴുവൻ കൃഷിപ്പണി ചെയ്യാനുള്ള ശേഷിയുണ്ടെങ്കിൽ കൂടി അതിന്നു വെള്ളമെവിടെ? കൃഷിക്കാരിൽ കുറെ ആളുകൾക്കു നഞ്ച കൃഷിക്കുശേഷം പുഞ്ച കൃഷിക്കും സൌകര്യമുണ്ടായേക്കാം. പക്ഷെ ഏതു തരത്തിലുള്ള കൃഷിക്കാരനായാലും കുറെ സമയം മററു അനുഭവപ്രദമായ കർമ്മങ്ങൾ വല്ലതുമുണ്ടെങ്കിൽ അതിലേക്കായി വിനിയോഗിക്കാൻ കഴിയുന്നതാണു്. സമയവും കൃഷിക്കാരൻെറ തൊഴിലും മാത്രമല്ല, കൃഷിക്കാരൻെറ കുഡുംബത്തിൽ പെട്ട മററു സ്ത്രീകളുടേയും, കുട്ടികളുടേയും, വൃദ്ധന്മാരുടേയും സമയവും, തൊഴിലും കൂടി വിനിയോഗിക്കാം. ഇതെല്ലാം യാതൊരു ക്ലേശം കൂടാതെ നടത്താവുന്നതുമാണു്. പ്രധാനമായ തൊഴിൽ കൃഷി തന്നെ. അതു് എന്നും അങ്ങിനെയാവാനെ പാടുള്ളതാനും. കൃഷിപ്പണി കഴിഞ്ഞു് ബാക്കിയുള്ള സമയവും ബാക്കിയുള്ള തൊഴിലും കുടിൽവ്യവസായങ്ങളിലേക്കായി ക്ലേശമില്ലാതെ ഉപയോഗിക്കാവുന്നതുമാണു്. കൃഷികൊണ്ടു് ഒരു കഞ്ഞിക്കു വകയായാൽ, കുടിൽവ്യവസായവും കൂടിയുണ്ടെങ്കിൽ ഈ കഞ്ഞിക്കു് അല്പം നെയ്യും, കൂട്ടാനും കൂടിയുണ്ടാക്കാൻ സാധിക്കും.

## കുടിൽവ്യവസായം

എന്നാൽകുടിൽ വ്യവസായമെ പാടുള്ളു. വ്യവസായ രാക്ഷസൻെറ അംബരത്തോളമുയരമുള്ള കുഴലുകളും, തൊഴിലാളികളെ വിളിച്ചുകൂട്ടുന്ന വിസിലുകളും, നാട്ടുമുഴുവൻ നാററം പരത്തുന്ന ഹോമധൂമവും മററും നമ്മുടെ നാട്ടിലേക്കു വേണ്ടാ. അവയെല്ലാം പത്തു മോട്ടോർകാറിൽ കയറി ഓടുന്ന ചില മൊതലാളികളെ നിർമ്മിക്കാൻ മാത്രം പററിയവയാണു്. കേരളത്തിലെ സർവ്വജനങ്ങൾക്കും സുഖമായ ജീവിതം വേണമെന്നു കരുതി ഒരു പ്ലാൻ തെയ്യാറാക്കുകയാണെങ്കിൽ പ്രധാനമായി കൃഷിയും, കൃഷിയുടെ പ്രാണ സഖിയായി, പോരാ, ഇഷ്ട പ്രാണേശ്വരിയായി കുടിൽ വ്യവസായവും ആയിരിക്കണം അതിൻെറ അടിസ്ഥാനം. ആരോഗ്യമുള്ള ഒരു സമുദായത്തിൻെറ ലക്ഷണം നോക്കുന്നതു് അതിലെ ഏററവും വലിയ ധനവാന്മാരെ കണക്കാക്കീട്ടോ, അല്ലെങ്കിൽ ഏററവും നിർദ്ധനന്മാരെ കണ്ടിട്ടോ അല്ല. ഇവ രണ്ടിന്നും മദ്ധ്യവർത്തികളും, സർവ്വ സന്തുഷ്ടിയോടുകൂടി ജീവിക്കുന്നവരുമായ ജനങ്ങളെ കണ്ടിട്ടാണു്. മൂന്നാമത്തെ ഈ വകുപ്പിൽ എത്ര അധികം ആളുകളുണ്ടു് അത്ര അധികമാണു് സമുദായത്തിൻെറ ആരോഗ്യം. ഒട്ടാകെയുള്ള മലബാർ സമുദായത്തിൻെറ ഭാവിയെ കരുതുക; ന്യായമായും പരാശ്രയം കൂടാതെയും അഷ്ടിക്കു മുട്ടില്ലാതെയുമുള്ള ഒരു സമുദായത്തെ സൃഷ്ടിക്കുക; ഇതാണു് കേരളത്തിൽ യുദ്ധാനന്തരമുള്ള പുനരുദ്ധാരണ പദ്ധതി.

## കുടിൽവ്യവസായങ്ങൾ എന്തെല്ലാമാവാം

ഇതൊരു ന്യായമായ ചോദ്യമാണു്; ഇതിന്നു് ന്യായമായ ഒരു മറുപടിയും ഉണ്ടു്. കുടിൽവ്യവസായങ്ങൾ എന്തെല്ലാമാകാമെന്നു് നാം അന്വേഷിച്ചു് തീർച്ചപ്പെടുത്തണം. ഇങ്ങിനെ തീർച്ചപ്പെടുത്തുന്നതിൽ കേരളസമുദായത്തിൻെറ പൂർവ്വീക സംസ്കാരം, സമുദായ നടവടികൾ, പ്രകൃതിദത്തമായ വിഭവങ്ങൾ, ഇതെല്ലാം ആലോചിപ്പാനുണ്ടു്. ഒരു നമ്പൂതിരി കുഡുംബത്തിന്നു കുടിൽവ്യവസായമായി കോഴിയെ വളർത്തുവാൻ ഉപദേശിക്കുന്നതു അനൌചിത്യമാവുമെന്നു് മാത്രം പറഞ്ഞാൽ മതിയല്ലൊ. നേരേമറിച്ചു് വെററില ഒന്നാന്തരം ഒരു തോട്ടകൃഷിയും കുടിൽവ്യവസായവുമാക്കി തീർക്കാം. മലബാറിലെ വെററിലയുടെ പ്രചാരം നോക്കുന്നതായാൽ ആയതു ഇന്നു പെഷവാർ വരെ എത്തുന്നുണ്ടു്. ഇതിൻെറ കയററുമതി അധികം തിരൂരിൽ നിന്നാണു്. തിരൂരിൽ മാത്രം ഒരു കൊല്ലം ഈ കച്ചവടം കൊണ്ടു് എത്ര ലക്ഷം ഉറുപ്പിക വരുന്നുണ്ടെന്നറിയാമോ? അങ്ങിനെയാണെങ്കിലും, തിരൂരിൽതന്നെ ഈ കൃഷിയേയൊ കച്ചവടത്തേയൊ ഏററവും ശേഷിയോടുകൂടി പുഷ്ടിപ്പെടുത്തീട്ടുണ്ടെന്നു് പറവാൻ സാധിക്കുമോ? അങ്ങിനെയിരിക്കെ മലബാറിലെ കഥ പറവാനുണ്ടോ?

## കർഷക സംസ്കാരം

സാമ്പത്തിക സ്ഥിതി പുഷ്ടിപ്പെടുത്താനുള്ള പ്ലാൻമാത്രം ഉണ്ടായാൽ പോരാ; മലബാറിലെ പൂർവ്വീകമായ കർഷക സംസ്കാരവും നിലനിർത്തിപോരുവാനുള്ള പ്ലാൻ ഇടണം. ഒരു കൃഷിക്കാരൻെറ ആകൃതിക്കും പ്രകൃതിക്കും അനുസരിച്ചതാണീ സംസ്കാരം. നല്ലൊരു കൃഷിക്കാരൻെറ വേഷം നഗരവാസികൾക്കാക്കെങ്കിലും മനസ്സുകൊണ്ടു ചിത്രീകരിക്കാൻ കൂടി ഇന്നു് സാദ്ധ്യമല്ല. അഹോരാത്രം കൈക്കോട്ടെടുത്തു ഭൂമിദേവിയോടു മല്ലിടുന്നതിനാൽ ദേഹത്തിൻെറ നാഡികളും ഞെരമ്പുകളും മററും ആലാസ്സുകയറിൻെറ വണ്ണത്തിൽ നഖശിഖാന്തം പ്രകാശിക്കുന്നു; ഇരുമ്പുകൊണ്ടോ മറേറാ വാർത്തുണ്ടാക്കിയപോലുള്ള ശരീരദാർഢ്യം, കാററും, വെയിലും, മഴയുംകൊണ്ടു ആനത്തോൽ സമം പരുപരുത്തതായ ഒരു തോലിൽ പൊതിഞ്ഞു് വിയപ്പു

(ശേഷം 6-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഫിബ്രുവരി 18-ാംനു, വെള്ളിയാഴ്ച


## ഇററലി

ഇററലിയുടെ തലസ്ഥാന നഗരിക്കഭിമുഖമായിട്ടുള്ള പുരോഗതിയിൽ ഐക്യകക്ഷികൾക്കു് എന്തൊ അല്പം ഒരു തളർച്ചയുള്ളതുപോലെ തോന്നുവാനിടയായി അല്പദിവസംമുമ്പ് കിട്ടിയ ഒരു വർത്തമാനംകൊണ്ടു്. എട്ടാം സൈന്യവും അഞ്ചാം സൈന്യവും അതിഭയങ്കരമായ ജർമ്മൻ എതിർപ്പിനെ തള്ളിത്തകർത്തുകൊണ്ടു് റോമിലേക്കു കുതിച്ചുപോയിരുന്ന ഘട്ടത്തിലാണു് മററൊരു ഐക്യകക്ഷിസൈന്യം കടലിൽക്കൂടി ചെന്നു് റോമിൻെറ മുപ്പതു നാഴി തെക്കുവശത്തായി കരക്കിറങ്ങിയതു്. ഇങ്ങിനെ ചെന്നിറങ്ങിയ സ്ഥലത്തിന്നാണു് ആൻസിയൊ കടലോരമെന്നു പേർ. ഇവിടെ വന്നിറങ്ങിയ സൈന്യത്തെ പിന്നോക്കം തന്നെ കെട്ടുകെട്ടിച്ചുകളയാമെന്നു് ജർമ്മൻ സൈന്യസമിതി വമ്പുപറഞ്ഞിരുന്നു. ഈ പ്രദേശത്തുള്ള കാററിൻെറ തകരാറുകൊണ്ടു് അല്പദിവസത്തേക്കു് ഇവിടെ വന്നിറങ്ങിയ സൈന്യങ്ങൾക്കു വേണ്ടത്ര സഹായസഹകരണങ്ങൾ എത്തിക്കുവാൻ സാധിക്കാതെ വരികയും തന്മൂലം ജർമ്മൻ സൈന്യസമിതിയുടെ വമ്പു ശരിയായേക്കുമൊ എന്നു തോന്നുകയും ചെയ്കയുണ്ടായി. ഇതിന്നെല്ലാം പുറമെ ജർമ്മൻ സൈന്യം ഈ പ്രദേശത്തു കലശലായ എതിർപ്പിന്നുള്ള പുറപ്പാടുണ്ടെന്നും അറിയാറായി. എന്നാൽ പരിഭ്രമിപ്പിക്കത്തക്ക യാതൊരു സ്ഥിതിയും ഇല്ലെന്നും ഐക്യകക്ഷിസൈന്യങ്ങൾക്കു് ആൻസിയൊ കടലോരത്തു് നഷ്ടംവന്നുപോയതായ സ്ഥലങ്ങളെല്ലാം മടങ്ങിയെടുപ്പാൻ സാധിച്ചിരിക്കുന്നുവെന്നും അടുത്തുകിട്ടിയ വർത്തമാനങ്ങൾ കൊണ്ടറിയുന്നു. ഇതുകൊണ്ടു് ഇവിടുത്തെ സ്ഥിതിക്കു് ഗൌരവമില്ലെന്നില്ല; കാസിനൊ രംഗത്തിൽ ജർമ്മൻ സൈന്യം തടുത്തുനിർത്തിയ അഞ്ചാം സൈന്യത്തിന്നു് ആൻസിയൊ സൈന്യത്തോടൊന്നിച്ചു ചേരുവാൻ സാധിക്കുന്നതുവരെ ഐക്യകക്ഷികൾക്കു് റോമിലേക്കുള്ള പുരോഗതി അല്പം സാവധാനത്തിലാകാനെ വഴിയുള്ളു. പക്ഷെ അതുകൊണ്ടൊന്നും അല്പമെങ്കിലും പരിഭ്രമിക്കാനില്ലെന്നു് മി. ചർച്ചിൽ പാർലിമെണ്ടിൽ ചെയ്ത പ്രസ്താവനകൊണ്ടു് അറിയുന്നുണ്ടു്. റോമിന്നടുക്കുംതോറുംശത്രുക്കളുടെ എതിർപ്പ് ശക്തിയായിക്കൊണ്ടല്ലെ വരുവാൻ തരമുള്ളു. ജർമ്മൻകാർ എതിർക്കാതിരിക്കയില്ലെന്നുള്ള പൂർണ്ണബോദ്ധ്യത്തോടുകൂടിത്തന്നെയാണു് ഐക്യകക്ഷികളും യുദ്ധം ചെയ്യുന്നതു്. പക്ഷെ ജർമ്മൻ സൈന്യനായകനായ കെസൽറിങ്ങ് ആൻസിയൊ പ്രദേശത്തുള്ള ഐക്യകക്ഷി സൈന്യങ്ങളെ നശിപ്പിക്കാൻ ശ്രമിക്കുന്നതിന്നുമുമ്പ് കാസിനൊ രംഗത്തിലുള്ള യുദ്ധം അവസാനിപ്പിച്ച അവിടെയുള്ള ജർമ്മൻകാരെ നശിപ്പിച്ചു അഞ്ചാം സൈന്യം ആൻസിയോവിലുള്ള സൈന്യങ്ങളോടു ചേരുവാൻ ശ്രമിക്കേണ്ടതാണു്. ഈ ശ്രമം ഇപ്പോൾതന്നെ ഏറക്കുറെ സഫലമായിരിക്കുന്നു. കാസിനൊ രംഗം പലേ പ്രദേശത്തും കീറിപ്പൊളിഞ്ഞിരിക്കുന്നു. ജർമ്മൻകാർ തവിടു തിന്നാലും തകൃതി കളകയില്ലെന്നുള്ള നയമാണിപ്പോൾ ഇവിടെ ആചരിച്ചുവരുന്നതു്. ഇവിടം വിട്ടുകൊടുത്താലും ഒരു വലിയ യുദ്ധം കൂടാതെ റോം നഗരി ജർമ്മൻകാർ ഐക്യകക്ഷികൾക്കു് വിട്ടുകൊടുത്തുവെന്നു വരികയില്ല.

---

## റഷ്യ

ഈയാഴ്ച റഷ്യക്കു് എന്തെങ്കിലും ഒരു സമ്മാനം കൊടുക്കേണമെന്നു് വെച്ചു് ഓണപ്പുടവ മുറിച്ചുവെച്ചാൽ ആയുസ്സു് വല്ല സംഗതി വശാലും കൊടുപ്പാൻ സാധിക്കാതെ വരുന്നപക്ഷം അടുത്താഴ്ച, അതു് കൊള്ളരുതാതെയാകുന്നു: നാലു് മുണ്ടു് പോരാ, ആറു് മുണ്ടിൽ പാവു് ഒരു കുത്തു തന്നെ വേണമെന്നു് തോന്നിപോകുന്നു. ഈ വിധം വർദ്ധിച്ചുകൊണ്ടാണു് റഷ്യക്കു പ്രതിവാരം വന്നുചേരുന്ന വിജയമേളയുടെ സ്വഭാവം. കഴിഞ്ഞാഴ്ചക്കു മുമ്പ് ലെനിൻഗ്രാഡ് രംഗത്തിൽനിന്നു് ജർമ്മൻകാരെ അവരുടെ അതിശക്തിയായ സങ്കേതങ്ങളിൽനിന്നു് ആട്ടിയോടിച്ചതു് കണ്ടാൽ അടുക്കളയിൽ കടന്ന പട്ടിയെ കടക്കൊള്ളികൊണ്ടു് ആട്ടിയോടിച്ചതുപോലുള്ള ഒരു നിഷ്പ്രയാസതയാണു വെളിവാകുന്നതു്. ഈ സംഭവം ലോകത്തിന്നൊട്ടാകെ വിസ്മയം ജനിപ്പിച്ചു. അതിന്നു് മുമ്പു് നടന്ന സംഭവങ്ങളും അതേമാതിരി വിസ്മയനീയമായവതന്നെയായിരുന്നു. കഴിഞ്ഞ കൊല്ലം സ്റ്റാലിൻഗ്രാഡ് മുതല്ക്കു തുടങ്ങിയ ഈ വിസ്മയോത്സവത്തിൻെറ മാററു് കുറക്കയരുതെന്നു് വെച്ചു് ചെയ്കപോലെ തോന്നുന്നു കഴിഞ്ഞാഴ്ച നീപ്പർ നദിയുടെ വക്രിച്ച പ്രദേശത്തുണ്ടായ മഹാമനുഷ്യയാഗം! പത്തു ഡിവിഷ്യൻ ജർമ്മൻ സൈന്യം ഇവിടെ പെട്ടു് രക്ഷപ്പെടുവാൻ നിവൃത്തിയില്ലാതെ ഞെളിക്കാൻ തുടങ്ങീട്ടു കുറച്ചു ദിവസമായിരുന്നു. യാതൊരു ഗതിയും നിങ്ങൾക്കില്ല; കീഴടങ്ങിക്കൊൾവിൻ എന്നു് സ്റ്റാലിൻഗ്രാഡ് യുദ്ധത്തിൻെറ ദുഃഖം അനുഭവിച്ച ചിലരും ഇപ്പോൾ റഷ്യക്കാരുടെ

കൈവശം തടവുകാരായിട്ടുള്ളതുമായ ജർമ്മൻ സൈന്യനേതാക്കം ഇവരോടു റേഡിയോവിൽ വിളിച്ചുപറഞ്ഞുവത്രെ. പക്ഷെ, ഇവക്കു അങ്ങിനെയല്ലാ തോന്നിയതു്. പണ്ടൊരിക്കൽ ഒരു ജ്യേഷ്ഠനും അനുജനും കൂടി തിരുവില്വാമലെ പുനർജ്ജനി നൂഴുവാൻ പോയത്രെ. ജേഷ്ഠൻ മുമ്പെ കടന്നു് ഈ ഗഹ്വരത്തിന്റെ പകുതി വഴിയിൽ ചെന്നു് തങ്ങിനില്പായി. അനുജൻ പിന്നാലെയും വന്നിരുന്നു. ജ്യേഷ്ഠാ, നാരായണാ, നാരായണാ എന്നു് ജപിച്ചോളു; എന്നാൽ പുറത്തു പോകാറാകും, എന്നനുജൻ ഉപദേശിച്ചു. ജപിക്കില്ല, ഞാൻ. ചാവുകയാണെങ്കിൽ ചത്തോട്ടെ. എന്നാൽ പിന്നെ വേറെയാരും ഇതിന്റെ ഉള്ളിലേക്കു ബുദ്ധിമുട്ടാൻ വരികയില്ലല്ലൊ, എന്നായിരുന്നുവത്രെ ജ്യേഷ്ഠന്റെ മറുവടി. നീപ്പർ നദിയുടെ തീരത്തു, പുനർജ്ജനിയിൽപെട്ട ജേഷ്ഠനെപോലെ, കിടന്നിരുന്ന പത്തു ഡിവിഷ്യൻ ജർമ്മൻ സൈന്യത്തിൽ മിക്കതും നശിച്ചു. ശേഷിച്ചവർ കീഴടങ്ങുകയും ചെയ്തിരിക്കുന്നുവെന്നാണു് അടുത്തു കിട്ടിയ കമ്പി. ഈ സംഭവം സ്റ്റാളിൻഗ്രാഡിനേയും നാണം കെടുത്തി!



കേരളത്തിന്റെ പ്രകൃതിക്കു് സൌന്ദര്യം നൽകുന്നതും, കുചേലനും കുബേരനും മുക്കെററം ഭക്ഷിക്കാവുന്നതുമായ ചക്കേ, നിണക്കു ശരി മറെറന്താണുള്ളതു് !

(4-ാം പേജിൽനിന്നു തുടർച്ച)

വെള്ളം ധാരധാരയായി ഒഴുകുന്നു; കൃഷിയുടെ പുഷ്ടിക്കു വേണ്ട വെള്ളത്തിന്നു് മഴയെമാത്രം ആസ്പദിക്കുന്ന നടപ്പുകൊണ്ടു് ഈശ്വരശക്തിയിങ്കലും, കാരുണ്യത്തിലും മാത്രം ഹൃദയദത്തനായിരിക്കുന്നു. അങ്ങിനെയുള്ള ഒരു ജീവിക്കു്, സൂട്ടില്ല, ഹാററില്ല, റിസ്റ്റ് വാച്ചില്ല, ഹെയറോയിലില്ല, ചീപ്പില്ല, കണ്ണാടിയില്ല. അങ്ങിനെയുള്ള സാധനങ്ങളിൽ മനസ്സുവെക്കാനിടവരുത്തുന്ന സംസ്കാരവുമില്ല. ഈശ്വരാംശങ്ങളായി സ്ഥൂലദൃഷ്ടിക്കു കാണപ്പെടുന്ന വസ്തുക്കളിൽനിന്നാണു് തന്റെ സംസ്കാരത്തെ കടഞ്ഞെടുക്കുന്നതു്. ഈശ്വരാ, മഴയെപ്പോൾ പെയ്യും! എന്നു വിചാരിക്കുമ്പോഴേക്കും ഞാററുവേലയുടെ കണക്കു തെയ്യാറുണ്ടു്. വെറും ഗ്രഹേശ്വരന്മാരെ ആസ്പതിച്ചുള്ളൊരു കണക്കു്! ഇപ്പോൾ സമയമെന്തായി, എന്നു് വിചാരിക്കുമ്പോഴേക്കും നിഴൽ അളന്നുനോക്കുന്നു; സമയം കൃത്യമായി കുറിക്കുന്നു. രാത്രിയാണെങ്കിൽ നക്ഷത്രമണ്ഡലത്തെ നോക്കി നിശ്ചയിക്കുന്നു. വാച്ചില്ല, ഘടികാരമില്ല, ടൈംപീസില്ല. എന്തിനതെല്ലാം? കർഷകസമുദായത്തിന്റെ അവ്യഭിചാരിണിയായ സംസ്കാരത്തിന്നു് ഇതൊന്നും വേണ്ടാ. നാളത്തെ പുനരുദ്ധാരണത്തിൽ ഇതു മറക്കൊല്ലെ.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 233-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

# ഫ്ലൈറ്റ് സാർജൻറ് ഹൂപ്പർ

## അദ്ദേഹത്തിൻെറ ജീവചരിത്രം ഒരു മഹാകാവ്യമാണ്

ശ്രീമാൻ ഹൂപ്പറെ പററി കഴിഞ്ഞ ലക്കത്തിൽതന്നെ പ്രതിപാദിച്ചിരുന്നുവല്ലൊ. ഹൂപ്പറെ പോലെയുള്ള ജീവികൾ ലോകത്തിൽ ഒരു പ്രത്യേക സമുദായത്തിലെ അംഗങ്ങളല്ല; അവർ മനുഷ്യസമുദായത്തിൽ പെട്ടവരാണ്; മനുഷ്യസമുദായത്തിൻെറ പൊതു സ്വത്തുമാണ്. മാത്രമല്ല, അദ്ദേഹത്തെപോലുള്ളവർ ആചന്ദ്രതാരം യശശ്ശരീരികളായി നായി ഇതിൽ വന്നുചേർന്നതായിരിക്കണം. ആകാശമാർഗ്ഗമായി സഞ്ചരിക്കുമ്പോൾ ഭൂമിയിലെ കാഴ്ച ഇന്നതാണെന്നു യഥാർത്ഥമായി വർണ്ണിക്കേണമെങ്കിലോ, അനുഭവപ്പെടേണമെങ്കിലോ, അങ്ങിനെ പോയിട്ടുള്ളവർക്കു തന്നെ സാധിക്കയുള്ളു; അല്ലെങ്കിൽ അറിഞ്ഞു തക്കവണ്ണം കല്പനാശക്തിയുള്ള ഒരു കാളിദാസനായിരിക്കണം.



ഹൂപ്പർ അദ്ദേഹത്തിൻെറ ദക്ഷിണധ്രുവയാത്രയുടെ കഥ ഒരു സഖിയോടു പറയുന്നു ഇദ്ദേഹം ഇപ്പോൾ നീലഗിരിക്കടുത്ത് ഒരു പ്രദേശത്തുള്ള വിമാനസങ്കേതത്തിൽ ഒരു വൈമാനിക ഉദ്യോഗം നോക്കിവരികയാണ്. ഇദ്ദേഹം സ്നേഹിതന്നു് പറഞ്ഞുകൊടുക്കുന്നതു് താൻ കേപ്റ്റൻ സ്കോട്ടിൻെറ ഒന്നിച്ചു് വളരെ ചെറുപ്പത്തിൽ ദക്ഷിണധ്രുവം കണ്ടുപിടിക്കുവാൻ ചെയ്ത യാത്രയുടെ വിവരണമാകുന്നു.

ജീവിക്കുന്നവരുമാകുന്നു. ഇന്നു നീലഗിരിക്കടുത്തുണ്ടായ ഒരു വിമാനസങ്കേതത്തിൽ ഉദ്യോഗസ്ഥഭാവം കൈക്കൊണ്ടു ജീവിക്കുന്നുണ്ടെങ്കിലും, പ്രസ്തുത ഉദ്യോഗത്തിന്നു അദ്ദേഹം നിമിത്തം ഒരു പ്രത്യേക യോഗ്യത ലഭിക്കുന്നുണ്ടെന്നല്ലാതെ, അദ്ദേഹത്തിന്നു ഈ ഉദ്യോഗംകൊണ്ടു പ്രത്യേക യശസ്സൊന്നും വരുവാനോ ഉള്ള യശസ്സ് കുറയുവാനൊ വഴിയില്ല. ഓരോ സന്ദർഭങ്ങളിൽ മാറിമാറിക്കൊണ്ടുള്ള സ്ഥിതികളിലായി ഇത്തരക്കാരെ കാണുന്നുവെങ്കിലും, അതെല്ലാം ചില പ്രത്യേകാനുഭവങ്ങൾക്കു വേണ്ടിമാത്രം അവർ വരിക്കുന്നുവെന്നല്ലാതെ, ജോലിയുടെ കാംക്ഷകൊണ്ടല്ല. ഒരുപക്ഷെ യുദ്ധാനന്തരം ഇദ്ദേഹത്തെ ഏതെങ്കിലും ഒരു കുഗ്രാമത്തിൽ ഒരു സ്കൂൾമാസ്റ്ററുടെ ജോലി ചെയ്യുന്നതു് കണ്ടേക്കാം; അല്ലെങ്കിൽ ഏതെങ്കിലും ഒരു ഹോട്ടലിൽ പാചകവൃത്തി ചെയ്യുന്നതു കണ്ടേക്കാം; അല്ലാത്തപക്ഷം, ഒരു സന്യാസിയുടെ വേഷത്തിൽ ഗംഗാനദീ തീരത്തിൽ കണ്ടേക്കാം. എന്തായാലെന്താണ്?

"ഫുല്ലാബ്ജത്തിന്നു രമ്യതക്കു കുറവോ പായൽ പതിഞ്ഞീടിലും
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും;
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും ഭൂയിഷ്ഠശോഭാവഹം
നല്ലാകാരമതിന്നലംകരണമാമെല്ലാപദാർത്ഥങ്ങളും."

ഇന്നു് അദ്ദേഹം ഒരു വൈമാനികനാണ്. ഈ ബുദ്ധി യുദ്ധം ചെയ്യാനോ, ജനങ്ങളെ ബോംബിട്ടു കൊല്ലുവാനൊ ഉള്ള ആസക്തി കൊണ്ടുണ്ടായതല്ല; ഒരുപക്ഷെ ശ്രീമാൻ ഹൂപ്പർ കാളിദാസനെപ്പോലെ ഒന്നാന്തരം ഒരു കവിഹൃദയം ഉള്ളാളായിരിക്കണം. ആകാശമാർഗ്ഗമായി സഞ്ചരിക്കുമ്പോൾ ഭൂമിയിലുള്ള അനുഭവം കണ്ടറിവാ

'ശൈലാനാമവരോഹതീവ ശിഖരാദുന്മജ്ജതാം മേദിനീ
വർണ്ണസ്വാന്തരലീനതാം വിജഹതി സ്കന്ധോദയാത് പാദപാഃ
സന്താനം തനുഭാവനഷ്ടസലിലാഃ വ്യക്തിം ഭജന്ത്യാപഗാ
കേനാപ്യുത്ക്ഷിപതേവ മർത്ത്യഭുവനം മത്പാർശ്വമാനീയ
[തെ."

എന്നൊ,

"കുരുക്ഷതാവൽകരഭോരുപശ്ചാൽ
മാർഗ്ഗെ മൃഗപ്രേക്ഷിണിദൃഷ്ടിപാതം
ഏക്ഷാവിദൂരീഭവതഃ സമുദ്രാത്
സകാനനാ നിഷ്പതതീവ ഭൂമിഃ"

എന്നോ, ഒരു മഹാകവിഹൃദയത്തിൽ നിന്നല്ലാതെ പൊട്ടി പുറപ്പെടുവാൻ സാധിക്കുന്ന ആശയമല്ല. ഒന്നുകിൽ യഥാർത്ഥ അനുഭവം, അല്ലെങ്കിൽ ഭാവനാശക്തി, ഇതുകൊണ്ടെ ഈ ആശയങ്ങൾ ഹൃദയത്തിൽ അങ്കുരിക്കാൻ തന്നെ വഴിയുള്ളൂ. കാളിദാസൻ ഭാവനാശക്തിയിൽ കണ്ടതു് പ്രായോഗിക പദ്ധതിയിലൊ, അനുഭവത്തിലൊ കൊണ്ടുവരുവാൻ ശ്രമിച്ച കവിഹൃദയങ്ങളിൽ ഒന്നാണ് ശ്രീമാൻ ഹൂപ്പരുടേതു് എന്നു് നിസ്സംശയം പറയാം.

ഇതാണു് യഥാർത്ഥ സംസ്കാരമെന്നു് പറയുന്നതു്. ഇതു തന്നെയാണു് വിദ്യാഭ്യാസത്തിൻെറ ആവശ്യം. ലോകത്തിലുള്ള സർവ്വാനുഭവങ്ങളും സ്വാനുഭവത്തിൽ കൊണ്ടുവരുവാനുള്ള ഒരു മനശ്ശക്തി; ഏതൊരു സ്ഥിതിയിൽ ചെന്നുപെട്ടാലും, ആ സ്ഥിതിക്കനുസരിച്ചു തൻെറ മനോവികാരങ്ങളെയും, ബുദ്ധിശക്തിയേയും കരകൌശലത്തെയും പൂർണ്ണമായുപയോഗിക്കാനുള്ള പ്രാപ്തി—ഇതുതന്നെയാണു് സംസ്കാരം. സംസ്കാരത്തിൻെറ ഈയൊരു ഭാഗം ആലോചിച്ചാൽ



ഇടത്തു്: ക്യാപ്ടൻ സ്കോട്ടിന്റെ ദക്ഷിണധ്രുവയാത്രാസംഘത്തിലുള്ളവരിൽ ഏററവും ചെറുവയസ്സുള്ളാള് ഹൂപ്പർ ആയിരുന്നതിനാൽ "കുട്ടി" യെന്നായിരുന്നു ഇദ്ദേഹത്തെ എല്ലാവരും വിളിച്ചിരുന്നതു്. സ്കോട്ടിന്റെ സംഘത്തിൽനിന്നു് വഴി നിർണ്ണയിക്കുവാനും താവളങ്ങൾ ഉറപ്പിക്കുവാനും പുറപ്പെട്ട കക്ഷിയിലെ അംഗമായിരുന്നു ഹൂപ്പർ.



വലത്തു്: ഹൂപ്പറും മൂന്നു സ്നേഹിതന്മാരുംകൂടി ഉറപ്പിച്ച ഒരു താവളമായിരുന്നു മൌണ്ട് ഹൂപ്പർ. ഈ താവളത്തിൽ ഹൂപ്പറും മറെറാരു സ്നേഹിതനും കൂടി ഒരടുപ്പിന്നരികെ ഇരുന്നു് തീക്കായുകയും ഭക്ഷണം പാകംചെയ്യുകയുമാണു് ഈ ചിത്രം.




മുന്നിൽ പുറപ്പെട്ട കക്ഷിയിലെ മെമ്പർമാർ അവരുടെ ഒരു മോട്ടാർവാഹനത്തിന്റെ അരികെ നില്ക്കുന്നു. ഈ മോട്ടോർവാഹനമാണത്രെ ഇന്നത്തെ ടാങ്കിന്റെ പൂർവ്വീകൻ. ഈ കക്ഷിയുടെ കൈവശം മൂന്നുതൻ ഭക്ഷണപദാർത്ഥങ്ങളും മററു സാമാനങ്ങളും ഉണ്ടായിരുന്നു. ഇവർ ഓരോ സ്ഥലത്തുചെന്നു് പിന്നാലെ വരുന്നവർക്കു് ഭക്ഷണത്തിന്നും താമസത്തിന്നും ഉള്ള താവളങ്ങൾ രെഡ്യാറാക്കുകയായിരുന്നു. പടത്തിൽ ഏററവും വലത്തുവശത്തു കാണുന്നതാണു് ഹൂപ്പർ. അദ്ദേഹത്തിന്റെ അടുത്തുള്ളാളാണു് യാത്രാസംഘത്തിന്റെ രണ്ടാമത്തെ നേതാവായ ലഫ്ടനെൻറ് ഇവാൻസ്. ഹൂപ്പറെ ഒന്നു് നോക്കണം. ഒരു ചെക്കൻ. ദേഹത്തിൽ കാശിനു ഇറച്ചിയില്ല. ആറടിക്കു മേലെ പൊക്കം.


ആദ്യത്തെ താവളം ഉറപ്പിച്ചതു് കെയിപ്പ് ഇവാൻസ് എന്ന സ്ഥലത്തായിരുന്നു. ഈ സ്ഥലത്തിന്നു് ഈ പേരിട്ടതു് യാത്രാസംഘത്തിലെ രണ്ടാം നേതാവിന്റെ സ്മാരകമായിട്ടാണു്. ഇവിടെയാണു് ക്യാപ്ററൻ സ്കോട്ടും കൂട്ടുകാരും വർഷകാലതാവളം ഉറപ്പിച്ചതു്. ചിത്രത്തിന്റെ നടുക്കു് ഒരു വടിയും പിടിച്ചുനില്ക്കുന്നതാണു് ക്യാപ്ററൻ സ്കോട്ടു്. ഇവർ കെയിപ്പ് ഇവാൻസിൽ എത്തിയിരിക്കുന്നു.



ഒരു ചെറുബാലനായി യാത്രക്ക് പുറപ്പെട്ട്, ഒരു ഒത്ത "ആളാ"യി മടങ്ങിവന്ന ഹൂപ്പറാണ് ഇതു്. മഞ്ഞിന്റെയും തണുപ്പിന്റെയും ശക്തികൊണ്ട് മുഖമെല്ലാം വിണ്ടിരിക്കുന്നതു് നോക്കുക. ക്യാപ്റ്റൻ സ്കോട്ടിന്റെ യാത്രാസംഘത്തിൽ ഇദ്ദേഹം മാത്രമെ ഇപ്പോൾ ശേഷിച്ചിട്ടുള്ളു. ഇദ്ദേഹത്തിന്ന് "പോലാർ മെഡൽ" എന്ന ബഹുമതി കിട്ടീട്ടുണ്ട്.







ഹൂപ്പറിന്ന് രണ്ടു് പെൺമക്കളുണ്ടു്. അതിൽ ഒരുത്തിയുടെ ഭർത്താവു് ആർ. എ. എഫ്. വിമാനസൈന്യത്തിലെ ഒരുദ്യോഗസ്ഥനാകുന്നു.

നാം മനുഷ്യ സമുദായത്തിന്റെ എത്രഎത്ര പിന്നിലാണ്! നാലു് ഇന്ത്യൻ യുവാക്കൾ കൂടി ഒരു കാപ്പി ക്ലബ്ബിൽ കാപ്പി കുടിക്കാൻ വേണ്ടി കയറിച്ചെല്ലുന്നു; നാലാളും മൂക്കറ്റം കാപ്പി പലഹാരം കഴിച്ചതിന്നുശേഷം കണക്കെന്തായിയെന്ന് കൂട്ടിനോക്കുന്നു. നാലാൾക്കും കണക്കു തെററുന്നു. ഞാൻ മാത്തമാററിക്ക്സ് സ്റ്റുഡണ്ടല്ല; ഹിസ്റ്ററിയാണ്; മറേറവൻ ജോഗ്രഫിയാണ്. എന്തിനധികം പറയുന്നു; നാലാളെയും കണക്കുകൂട്ടാൻ വയ്യാത്ത ക്ലബ്ബുകാരൻ ഭേസ് വെക്കുന്നു. ഇത്ര അമാന്തമാണ് നമ്മുടെ സംസ്കാരം. നിങ്ങളെന്തെ, ഹേ, വക്കീലായ്യൊ, എന്നൊരുവനോടു ചോദിച്ചാൽ, വേറെയൊന്നും ജോലി കിട്ടാഞ്ഞിട്ടെന്നല്ലാതെ, ആ ജോലിയുടെ സുഖദുഃഖങ്ങളും ഒന്നറിഞ്ഞു കളയാമെന്ന് മറുവടി പറകയില്ല. സ്കൂൾ വിദ്യാഭ്യാസം കൊണ്ടു സംസ്കാരം സിദ്ധിച്ചില്ലെന്നു വെച്ച് എന്തിനു ക്ലേശിക്കുന്നു. പ്രകൃതി ദേവി പാഠപുസ്തകം തുറന്നുവെച്ച് പഠിപ്പിക്കുവാൻ തന്റെ ഓമനകളെ മാടി വിളിക്കുന്നുവെല്ലോ. ശ്രീമാൻ ഹൂപ്പർക്ക് ഈ പാഠമല്ലാതെ മറെറന്തു വിദ്യാഭ്യാസമാണുണ്ടായിട്ടുള്ളതു്? പതിനൊന്നു വയസ്സിൽ ലോകസഞ്ചാരം തുടങ്ങിയ ഈ മാന്യസുഹൃത്തിന്ന് സ്കൂളിൽ ചേന്ന് പഠിക്കുവാനെവിടെയായിരുന്നു അവസരം? കേരള യുവാക്കളെ, ശ്രീമാൻ ഹൂപ്പരുടെ ജീവിതം ഒരു മാതൃകയായി നിങ്ങൾ മനസ്സിലാക്കുവിൻ. സംസ്കാരം കൊണ്ടു മനസ്സിനെ പത്തരമാററുള്ള തങ്കമാക്കി തീക്കുവിൻ. ശ്രീമാൻ ഹൂപ്പർക്കുള്ള മെച്ചവും മേന്മയും അതുതന്നെയാണ്. ഇങ്ങിനെയുള്ള മഹാന്മാരാണ് ഇരുളടഞ്ഞ നമ്മുടെ ജീവിതയാത്രയിൽ, സഞ്ചാരിണീ ദീപ ശിഖൈവരാത്രൌ, എന്നു പറഞ്ഞപോലെ ഒരു ചൂട്ടും കത്തിച്ചു കയ്യിൽ പിടിച്ചു നമുക്ക് വഴികാട്ടിത്തരുന്നതു്. ഈ ചൂട്ടിന്റെ വെളിച്ചത്തിൽ അവരുടെ പിന്നാലെ പോയാൽ നമ്മുടെ വഴി സുഗമമായിരിക്കും; അല്ലെങ്കിൽ പിന്നെയും ഇരുട്ടുതന്നെ!

# വെററില

(റാവു സാഹെബ് കോമാട്ടിൽ അച്ചുത മേനോൻ)

പച്ചിലകൾ നിറഞ്ഞ മലനാട്ടിൽ വെററില (വട്ടില)ക്കൊടി കോടിക്കണക്കായി കാണുന്നതിൽ അത്ഭുതത്തിന്ന് അവകാശമില്ല. പടിഞ്ഞാറെ കടൽകര വെച്ചുണ്ടാക്കിയ മലയാളക്കരയിൽ കുടിയേറിപ്പാർത്ത നായന്മാർ എവിടെനിന്നു വന്നവരായാലും വേണ്ടില്ല, അവർ വരുമ്പോൾ വെററിലയും കൊണ്ടുവന്നിരിക്കണം എന്ന് തീർച്ചയാണ്. ഏതായാലും കേരളത്തിലെ പച്ചിലകളുടെ കൂട്ടത്തിൽ വെററിലക്കുള്ള മുൻനില ആരും വകവെച്ചുകൊടുക്കുന്നതാണ്. വെററിലക്ക് നാഗവല്ലി എന്നു പേർ വന്നത് നാഗന്മാർ ഉപയോഗിച്ചിരുന്നതുകൊണ്ടോ, ഇലക്കു നാഗപടരായ ഉള്ളതുകൊണ്ടോ, വെററില പാമ്പുമായി ഇണങ്ങിയിരിക്കാറുള്ളതുകൊണ്ടോ എന്നു തീരുമാനിച്ചുകൂട. വടക്കൻ രാജ്യങ്ങളിലെ 'പാൻസുപാരി'യേയും അന്നാട്ടുകാരുടെ ജീവിതത്തിൽ അതിന്നുള്ള സ്ഥാനത്തേയും ഞാൻ മറക്കുന്നില്ല. എങ്കിലും നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൽ വെററില മുറുക്കൽ ഒരു ശാസ്ത്രീയ രീതിയിൽ നടത്തിവരുന്നവർ മലയാളികളല്ലാതെ വേറെ വല്ലവരുമുണ്ടോ എന്ന കാര്യം സംശയമാണ്. അരക്കുകൊണ്ട് ചിത്രപ്പണി ചെയ്തിട്ടുള്ളവയും, മലനാട്ടുകാരുടെ വീടിന്റെ മട്ടിലുള്ളവയുമായ ഭംഗിതിങ്ങിയ വെററിലപ്പെട്ടി ഇന്നും കേരളത്തിന്റെ മുക്കിലും മൂലയിലും കാണാം. ചിലർ പറയുന്നു, മുരുക്കുപെട്ടിയാണ് മുറുക്കാൻ ശബ്ദത്തിന്നുത്തരവാദിയെന്ന്. മററു ചിലരാകട്ടെ മുറുക്കുപെട്ടി മുരുക്കുപെട്ടിയായി മാറി ആ മരത്തിന്നു മുരുക്ക് എന്ന പേര് വന്നു എന്നു വിശ്വസിക്കുന്നു. വലിയ തറവാടുകളിൽ വെററിലത്തട്ടം, വെള്ളിച്ചെല്ലവും, സാധാരണക്കാരുടെ തറവാടുകളിൽ ഇത്തരം പെട്ടികളും വിരുന്നുസല്ക്കാരാവസരങ്ങളിൽ വിശേഷിച്ചും പങ്കെടുത്തിരുന്നു. വെററിലക്കുള്ളൊരു വലിയ ഗുണമിതാണ്: അത് ആശുപത്രിയിലെയും ധർമ്മശാലയിലെയും പരിചാരികമാരെപ്പോലെ പണക്കാരെയും പിച്ചക്കാരെയും ഒരുപോലെ പരിചരിച്ചുപോരുന്നു. സമസൃഷ്ടിയും സമഭാവനയും ഉള്ള വെററിലക്ക് കീറിയ തുണിസ്സഞ്ചിയിലായാലും, മിനുക്കിയ സ്വ[illegible] ചെല്ലത്തിലായാലും സ്വാദിന്നും രുചിക്കും യാതൊരു തരം മാററവുമില്ല. നീറടക്കയുടെ നാററമാകട്ടെ, എന്തിലിരുന്നാലും മാറുന്നുമില്ല. എച്ചിലും കുപ്പയുമായി കഴിയുന്നവരുടെ കീറസ്സഞ്ചികളിലും മേലാളരുടെ ഇല്ലങ്ങളിലെ വെള്ളിച്ചെല്ലങ്ങളിലും വെററില സുഖമായി കഴിഞ്ഞുകൂടുന്നു. സത്തുക്കളുടെ നന്മയും അസത്തുക്കളുടെ തിന്മയും ഏതു സ്ഥാനത്തിരുന്നാലും തനിയെ വെളിപ്പെട്ടുകൊള്ളും.

പഴയ കാലത്തു മലനാട്ടിലെ സകല കർമ്മങ്ങളിലും, ഗൌരവമേറിയ രാജ്യകാര്യങ്ങളിൽപോലും, അഷ്ടഭോഗത്തിൽപെട്ട വെററിലയും അതിന്റെ ചങ്ങാതിയായ അടക്ക (അടൈകായ്)യും സ്ഥലം പിടിച്ചിരുന്നു. മുറുക്കിന്റെ പട്ടത്തിന്നു ഗുരുത്വം വേണമെങ്കിൽ മൂന്നുകൂട്ടമാവശ്യമാണെങ്കിലും, യോഗത്തിൽ അടയ്ക്കക്കും, നൂറിന്നും പങ്കമേളക്കാരുടെ സ്ഥാനമെയുള്ളു. കേരളത്തിലെ കല്യാണങ്ങളിൽ നിശ്ചിതതാംബൂലം നടപ്പില്ലെങ്കിലും, പ്രണയതാംബൂലം എന്നു പറയാവുന്ന വെററിലക്കെട്ടുകൾ, പ്രണയബന്ധത്തിലേർപ്പെടാൻ പോകുന്നവരെ മുറക്കു മുറുക്കുവാൻ ആവശ്യമായി കരുതിയിരുന്നു. വെററിലക്കെട്ടുകൾ ആയിരക്കണക്കിന്ന് വധുവിന്നു കാണിക്കവെക്കാത്ത വരൻ വരനല്ല, അവരനാണ്. മന്ത്രക്കോടിക്കൊ, കല്യാണപ്പുടവക്കൊ, ഒപ്പം വെററിലക്കെട്ടിന്നും പ്രാധാന്യമുണ്ടായിരുന്നു. ക്ഷണിച്ചുവന്നവക്ക് സ്ഥാനമാനങ്ങൾ അനുസരിച്ച് ഒന്നും ഒന്നിലധികവും കെട്ടുകൾക്ക് അവകാശമുള്ളതായി കാണാം. പഴയ തിട്ടൂരത്തിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, കരയ്ക്കാശന്മാക്കും, കല്യാണം കഴിക്കുന്നതിൽ തിരുമുഖം ഏററിരിക്കുന്ന ആളുകൾ വന്നുവെങ്കിൽ അവർക്കും ഇരട്ടി വെററിലയും പാക്കും കൊടുത്തുകൊള്ളുകയും വേണം എന്നു നിശ്ചയമുണ്ടായിരുന്നു. രണ്ടു കൊടുക്കേണ്ടവക്ക് ഒന്നു കൊടുക്കുന്നതു ഒരിക്കലും മതിയാവുകയില്ലല്ലൊ. ചിലപ്പോൾ കുടിപ്പകക്കും പിഴക്കൂട്ടം നിശ്ചയിക്കുന്ന പ്രതിവിധിക്കും കൂടി ഈവക നോട്ടക്കുറവുകൾ കാരണഭൂതങ്ങളായിരിക്കാം. തൊട്ടികളിൽ വെററില നിറച്ച് വഴിനീളെ വിതറാത്ത മംഗലഘോഷയാത്രയെ മലയാളികൾ എണ്ണത്തിൽ പെട്ടതായി കണക്കാക്കിയിരുന്നില്ല. മുമ്പിൽ വെററിലയും മലരും വാരി വിതറാത്ത എഴുന്നെള്ളത്തുകൾ എഴുന്നെള്ളത്തുകളല്ല. വെററിലയും അടയ്ക്കയും പണത്തോടുകൂടി കൊടുക്കാത്ത ദക്ഷിണ ദക്ഷിണയല്ല, കൈക്കൂലിയാണ്. വെററിലത്തട്ട അകത്തും മുറുക്കുതാമ്പാളം പുറത്തും നിരത്തിവെക്കാത്ത സദ്യകൾ സദ്യകളല്ല. നാടുവാഴികൾ തറയിൽ പ്രമാണികളെ കല്പിച്ചു നിശ്ചയിക്കുന്നതു് വെററിലയും പാക്കും കൊടുത്തിട്ടായിരുന്നു. തമ്പുരാക്കന്മാരുടെ 'ഇല അമൃതേത്ത്' അവരുടെ ദിനസരിയിൽ ഒരു പ്രധാന ചടങ്ങായിരുന്നു. ഉഭയപട്ടോലക്കരണം എന്ന പേർ സൂചിപ്പിക്കുന്ന പഞ്ച ഉഭയങ്ങളിൽ ഒന്ന് വെററിലക്കൊടിയാണ്. മററുള്ളത് തെങ്ങ്, കവുങ്ങ്, പിലാവു, കുരുമുളകുവള്ളി ഇവയത്രെ. ഇടപ്രഭുക്കന്മാരും മാടമ്പിമാരും കുട്ടികൾക്കു എഴുതിക്കൊടുത്തിരുന്ന അനുഭവതിട്ടുകളിലെ പുറംവകയിൽ വെററിലക്കെട്ടുമുൾപെട്ടിരുന്നു.

വെററില മുറുക്കാത്തവരുടെ നേരെ പഴയ കാർണവന്മാർക്കുണ്ടായിരുന്ന പുച്ഛത്തിന്ന് ഒരു കയ്യുംകണക്കുമില്ല. വെററില മുറുക്കാത്തവൻ പൂച്ചപ്പൽ ഉരുവോളമിരുന്നാലും പച്ചപ്പല്ലൻ തന്നെയാണ്. മുറുക്കാത്ത പെണ്ണിനെ പച്ചപ്പല്ലി എന്ന് അവളുടെ ആങ്ങളമാർ വിളിക്കാറില്ലെങ്കിലും ലക്ഷണം മുഴുവനും തികഞ്ഞവളായി കണക്കാക്കിയിരുന്നുവോ എന്നു സംശയമാണ്. ധനുമാസത്തിലെ തിരുവാതിര മലയാളത്തിലെ വെററിലദിനമായിരുന്നു. പുലച്ചക്കു മഞ്ഞും, തണുപ്പും സഹിച്ച്, തെളിനീരിൽ കുളിച്ച്, മിനുത്ത മേനി കുളർപ്പിച്ച് നൂററൊന്നു വെററിലയും മുറുക്കി, മാരാരിയുടെ മുക്കണ്ണിലെ ചെന്തീയേററു ചാമ്പലായി കിടക്കുന്ന അനംഗനെക്കൂടി കുറച്ചു നേരത്തേക്ക് മുമ്പത്തെ മെയ്യും തൊഴിലും എടുപ്പിച്ചിരുന്നതു കേരളത്തിലെ പെൺകൊടികളാണ്. ഈ മുറുക്കൽ മറഞ്ഞതോടുകൂടിയാണ് മലനാട്ടിലെ ജനസംഖ്യയും കുറഞ്ഞുതുടങ്ങിയതെന്ന് വിരവചനാബുദ്ധിയുള്ളവർ പറഞ്ഞേക്കാം.

കേരളത്തിൽ വെററിലക്കുള്ള മേന്മ ഇന്നോ, ഇന്നലെയോ ഉണ്ടായതല്ല. ചുരുങ്ങിയതു ആയിരത്തിഎണ്ണൂറ് കൊല്ലങ്ങൾക്കു മുമ്പ് കൊടുങ്ങല്ലൂർ വെച്ച് ഇളംകൊ അടികൾ എഴുതിയ ചിലപ്പതികാരം വെററിലമുറുക്കിന്റെ മാധുര്യം റിക്കാട്ടാക്കീട്ടുണ്ട്. പതിവ്രതാശിരോമണിയായ കണ്ണകീദേവി ആയർപാടിയിൽവെച്ച് തന്റെ കണവനായ കോവലന്ന് ഭക്ഷണാനന്തരം മുറുക്കാനായി "തൈരെയിൽ" (വെററിലചുരുളുകൾ) കൊടുത്തതായി കവി വർണ്ണിച്ചിരിക്കുന്നു. പ്രേമജ്വരത്തിന്നു പ്രണയക്കത്തുകളേക്കാൾ എത്രയൊ പതിന്മടങ്ങു കെല്പുകൂടിയ മരുന്നാണ് സ്നേഹസ്വരൂപമായ വെററിലചുരുളുകൾ. മാധവിയുടെ കൊഞ്ചൻ വെററിലയിൽ മയങ്ങി കണ്ണകിയുടെ കരതളിർകൊണ്ട് തെറുത്തുകൊടുത്ത നാടൻ കിളവാലൻ വെററിലചുരുളുകളുടെ മധുരം മറന്നുപോയതു് മുൻജന്മകർമ്മഫലമാണെന്ന്വെച്ച് കോവലന്നു മാപ്പുകൊടുക്കാം. പശുവിൻ പാലിന്റെ രുചി മറന്ന് 'പാരെഇതേൻ' നുകരുന്ന അരസികന്മാരെ ഇന്ന് എത്ര വേണമെങ്കിലും കാണാം. നാളികേരാസവത്തിന്റെ ഗുണം മുഴുവനും അറിയേണമെങ്കിൽ വെററില അവിയുണ്ടാക്കി മുക്കിക്കുടിക്കണമെന്ന കാളിദാസൻ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. പതിനേഴാം നൂററാണ്ടിന്റെ മധ്യത്തിൽ മദിരാശി സംസ്ഥാനം സന്ദർശിച്ച ഡോക്ടർ ഫ്രെയർ എന്ന ബ്രിട്ടീഷു ലോകസഞ്ചാരി ഈ നാട്ടുകാർക്കു വെററില മുറുക്കുന്നതിലുള്ള താല്പര്യം രേഖപ്പെടുത്തിയിരിക്കുന്നു. ആ വിവരണത്തിന്റെ സ്വരൂപം നോക്കുമ്പോൾ, വെററിലയെ ഇന്നത്തെ അധരക്കോലിന്റെ രീതിയിൽതന്നെ ചുണ്ടുകളിൽ ചുകപ്പുചായം ചേർക്കാനായി അവർ ഉപയോഗിച്ചിരുന്നുവെന്ന് അദ്ദേഹം തെററിദ്ധരിച്ചിട്ടുണ്ടെന്ന് തോന്നും. ഒരുപക്ഷെ, വെററിലമുറുക്കൽ ഇന്നത്തെ അധരക്കോലിന്റെ പ്രാചീനരൂപമായിരുന്നാൽ തന്നെ വൈഷമ്യമെന്താണ്? കയ്യിൽ സഞ്ചിയും മുഖക്കണ്ണാടിയും പഫും കൊണ്ടുനടക്കുന്നതിലും സൌകര്യം വെററിലചുരുളുകൾ തെയ്യാർചെയ്ത് ചെല്ലത്തിൽ അണിനിരത്തി ഒരു 'വെററിലച്ചെറുക്ക'ന്റെ കയ്യിൽ കൊടുക്കുകയല്ലെ. 'വെററിലപ്പെട്ടി' എന്നു കാരണവന്മാർ പേർ കൊടുത്തിരുന്നതു്, മുറുക്കാൻപെട്ടിക്കാണ്. അതു അനുദിനം വെററില തിന്നുന്ന മാൻപേടകളെ ഉദ്ദേശിച്ചിട്ടുള്ളതല്ല.

മലയാളത്തിൽ ചായില കടന്നുകൂടിയതോടുകൂടിയാണ് വെററില അണിയറയിലേക്ക് മടങ്ങി മുടി അഴിച്ചുവെച്ചതെന്നാണ് അറിവുള്ളവർ പറയുന്നത്. പഴയ കാലങ്ങളിൽ മലയാളത്തറവാടുകളിൽ പടികടന്നുചെല്ലുന്ന ഏതു വിരുന്നുകാരന്നും സന്ദർശകനും ഇരിക്കാൻ പായും മുറുക്കാൻ വെററിലയും, കുടിക്കാൻ സംഭാരവുമാണ് സൽക്കാരസാധനങ്ങളായി കൊണ്ടുവെച്ചിരുന്നത്. ഇന്നാണെങ്കിൽ ഇരിക്കാൻ കസേരയും കുടിപ്പാൻ കാപ്പിയും വലിക്കാൻ സിഗരററും സർവ്വസാധാരണമായിരിക്കുന്നു. ഈ മാററംകൊണ്ട് സുഖാനുഭവത്തിന്ന് കൂടുതലൊ കുറവൊ ഉണ്ടായിരിക്കുന്നതു് എന്നതിന്നു അനുഭവസ്ഥന്മാർതന്നെ മൊഴികൊടുക്കേണ്ടതാണ്. ഏതായാലും വ്യക്തികൾ തമ്മിലുള്ള സ്വരച്ചേർച്ച് ഇല്ലായ്മക്കും, സമുദായങ്ങൾക്ക് പരസ്പരമുള്ള മൈത്രിക്കും വെററിലയോളം പററിയതല്ല മററുസാധനങ്ങൾ എന്നു തീർച്ചയാണ്. വെററില തിന്ന് ഇണങ്ങുക എന്നു പണ്ടു പറഞ്ഞതിന്നു പകരം 'ചായ കുടിച്ചു യോജിക്കുക' എന്നാരും ഇന്നു പറഞ്ഞുകേൾക്കുന്നില്ല. ചായ കുടിച്ചു 'കൂട്ടുകൂടുക' കുററവും കുറവും പറയുന്നതായാൽ ഇന്നത്തെ നടപ്പിന്നു കുറച്ചുകൂടി യോജിച്ചിരിക്കും. സമുദായങ്ങളെയെല്ലാം ഒരു സ്നേഹച്ചരടിൽ കൂട്ടിക്കോർക്കുവാൻ വെററിലക്കുണ്ടായിരുന്ന കെല്പ് കുറച്ചൊന്നുമല്ല. വെററില കീറിപ്പകുത്താൽ അററാലടക്കവകാശം മാത്രം പണ്ടുകാലത്തു താവഴിത്തറവാടുകൾ തമ്മിൽ പിന്നെ ബാക്കി നിൽക്കുകയുള്ളു. കേരളത്തിൽ വെററിലക്കുണ്ടായിരുന്ന മാഹാത്മ്യം വരുംകാലങ്ങളിൽ വരുമെന്ന വിചാരിപ്പാൻ ഒരു വഴിയും കാ

(ശേഷം 12-ാം പേജിൽ)

# ശരൽപ്രഭാതത്തിലെ ആകാശമണ്ഡലം

(മധുരവനം ശ്രീമാൻ സി. കൃഷ്ണക്കുറുപ്പ്, ബി.എ., എൽ.ടി.)

ശരൽക്കാലത്തിലെ പ്രഭാതം നക്ഷത്രമണ്ഡലത്തെ നോക്കിപ്പഠിക്കുവാൻ വളരെ സൌകര്യമുള്ള ഒരു കാലമാണ്. ഇക്കൊല്ലത്തിൽ ശരത്തു കന്നി 14-ാംനു മുതൽ വൃശ്ചികം 11-ാംനു-വരെയാണ്. ചാന്ദ്രമാസങ്ങളിൽ ആശ്വിനം, കാർത്തികം എന്നീ രണ്ടു മാസങ്ങൾ ചേർന്നതാണ് ശരൽക്കാലം. ശുക്ലപക്ഷപ്രഥമയോടുകൂടിയാണ് ചാന്ദ്രമാസങ്ങൾ ആരംഭിക്കുന്നതു്. അടുത്ത പൌർണ്ണമിദിവസം ചന്ദ്രൻ ഏതു നക്ഷത്രസമൂഹത്തിന്റെ നേരെ കാണപ്പെടുന്നുവോ അതനുസരിച്ചു് മാസങ്ങൾക്കു നാമകരണം ചെയ്തിരിക്കുന്നു. ആശ്വിനി മാസത്തിൽ വെളുത്ത വാവിന്നാൾ ചന്ദ്രൻ അശ്വതിയുടെയും കാർത്തികമാസത്തിൽ കാർത്തിയുടെയും നേരെയായിരിക്കും. വൃശ്ചികമാസം ആരംഭത്തിൽ പ്രഭാതത്തിന്നുമുമ്പു ഇടവം രാശിയിലുള്ള നക്ഷത്രങ്ങൾ അസ്തമിക്കാൻ തുടങ്ങുന്നതായും, കർക്കിടകം, ചിങ്ങം എന്നീ രാശിയിലുള്ളവ തലക്ക് മീതെയായും കാണാം. ഇടവം, മിഥുനം രാശികളോടു ചേർന്നുള്ള ശബരഗണം പടിഞ്ഞാറു ചക്രവാളത്തിൽനിന്നു നാല്പത്തഞ്ചു ഡിഗ്രി മീതെയുണ്ട്. സപ്തർഷികൾ വടക്കുകിഴക്കു അതിഭംഗിയായി ഉദിച്ചു പൊങ്ങിവരുന്നതും ഇക്കാലത്തു കാണാം. ഇവ രണ്ടുമാണ് നക്ഷത്രപാഠം ആരംഭിക്കുവാൻ ഏററവും യോജിച്ച ഗണങ്ങൾ. ഒരേസമയത്തു് ഇവ രണ്ടും കാണുന്നതിന്നു പുറമെ ശുക്രൻ, വ്യാഴം, ശനി, ചൊവ്വ എന്നീ നാലു വലിയ ഗ്രഹങ്ങളെയും ഈ വൃശ്ചികമാസത്തിൽ തെളിഞ്ഞുകാണാം.

നക്ഷത്രങ്ങളെപ്പററിയുള്ള സാമാന്യജ്ഞാനം നാട്ടുപുറങ്ങളിലെ പഴമക്കാരുടെ ഇടയിൽ ഇന്നും തീരെ നശിച്ചുകഴിഞ്ഞിട്ടില്ല. നവീന വിദ്യാഭ്യാസം സിദ്ധിച്ച നഗരവാസികൾക്കാണ് ഈവക അറിവ് ഇന്നു വളരെ ചുരുങ്ങിക്കാണുന്നതു്. രാശികൾ, നക്ഷത്രങ്ങൾ എന്നെല്ലാം പറഞ്ഞാൽ ക്ലിപ്തമായ യാതൊരു ബോധവും മനസ്സിലുദിക്കാത്ത അനേകം പേരുണ്ട്. ഭൂമി ഗോളാകൃതിയിലാണെന്നും അതു് സൂര്യനെ ഒരു കൊല്ലംകൊണ്ടു് ചുററിക്കൊണ്ടിരിക്കുന്നുവെന്നും ഏകദേശം മിക്കവരും ഓർക്കുന്നുണ്ടായിരിക്കും. അതോടുകൂടി അവസാനിക്കുന്നു അവരുടെ ജ്യോതിശ്ശാസ്ത്രപരിജ്ഞാനം.

യഥാർത്ഥത്തിൽ ഭൂമി സൂര്യനെ ചുററിക്കൊണ്ടിരിക്കയാണെങ്കിലും നമ്മുടെ കാഴ്ചക്ക് സൂര്യൻ കിഴക്കുദിച്ചു പടിഞ്ഞാറു അസ്തമിച്ചു ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നതായി തോന്നുന്നു. ആ സൂര്യമാർഗ്ഗം കുറിക്കുന്ന വൃത്തത്തെ ഏറക്കുറെ സമമായ പന്ത്രണ്ടു വിഭാഗങ്ങളാക്കിയിരിക്കുന്നു. അവയാണ് രാശികൾ. സൂര്യൻ ഒരു പ്രത്യേകം രാശിയിൽ നില്ക്കുമ്പോൾ ഏതു നക്ഷത്രങ്ങൾ നേരെ കാണപ്പെടുന്നുവോ ആ നക്ഷത്രങ്ങൾ ആ രാശിയിൽ പെട്ടവയാണെന്നു പറയുന്നു. ഇങ്ങിനെയാണ് "അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറ്" എന്നു തുടങ്ങിയ ചൊല്ലുകൾ ഉണ്ടായിവന്നതു്. സൂര്യഗതിക്കു നേരെയുള്ള നക്ഷത്രമാർഗ്ഗത്തെ ഇരുപത്തേഴായി ഭാഗിച്ചിരിക്കുന്നു. അതുകൊണ്ടാണ് ഓരോ രാശിയിലും രണ്ടേകാൽ നക്ഷത്രങ്ങളെന്ന് കണക്കാക്കിയിരിക്കുന്നതു. ഇവ ഇരുപത്തേഴും ഒററയൊററ നക്ഷത്രങ്ങളായിരിക്കും എന്ന ധാരണ ശരിയല്ല. അവ അധികവും നക്ഷത്ര സമൂഹങ്ങളാണ്. മിഥുനം രാശിയിലുള്ള തിരുവാതിരയും തുലാം രാശിയിലുള്ള ചോതിയും മാത്രമെ ഒററനക്ഷത്രമായുള്ളു. മറെറല്ലാററിലും ദൂരദർശിനിയുടെ സഹായം കൂടാതെതന്നെ ഒന്നിലധികം നക്ഷത്രങ്ങളെ കാണാം. വിശാഖം, അനിഴം എന്നിവയിൽ മൂന്നു വീതവും, പൂയത്തിൽ എട്ടും, കാർത്തിക, രോഹിണി, പുണർതം, ചിത്ര, അവിട്ടം, ചതയം രേവതി എന്നിവയിൽ ആറു വീതവും ഒററ നക്ഷത്രങ്ങളെ തെളിഞ്ഞു കാണാം. ഓരോ രാശിയിലുള്ള നക്ഷത്രങ്ങൾ ഒട്ടാകെ നോക്കിയാൽ ചില ജന്തുക്കളുടെ രൂപങ്ങൾ സങ്കല്പിക്കാം. മേടം (മേഷം) രാശിയിലുള്ളവ ഒരാടിന്റെയും, ഇടവം (ഋഷഭം) രാശിയിലുള്ളവ ഒരു കാളയുടെയും, ചിങ്ങം (സിംഹം) രാശിയിലുള്ളവ ഒരു സിംഹത്തിന്റെയും രൂപത്തിൽ കാണപ്പെടുന്നു. ഈ വഴിക്കാണ് രാശികൾക്ക് മുൻകാലങ്ങളിൽ ഈ നാമങ്ങൾ സിദ്ധിക്കുവാനിടയായതു്. അതുപോലെ ഓരോ നക്ഷത്രസമൂഹത്തിന്നും ഇന്നിന്ന സാധനങ്ങളുടെ ആകൃതി കാണപ്പെടുമെന്ന് ഏറക്കുറെ പഴഞ്ചൊല്ലുപോലെ പണ്ടുള്ളവർ പറഞ്ഞുറപ്പിച്ചുവെച്ചിട്ടുണ്ട്. "അശ്വതി അശ്വമുഖം പോലെ; മകീരം മാനിൻ്റെ കണ്ണുപോലെ; പൂരുരുട്ടാതിയും ഉത്രട്ടാതിയും കട്ടിൽക്കാലുപോലെ" എന്നീ ചൊല്ലുകൾ പ്രസിദ്ധമാണ്.

കേരളത്തിൽ ഈ ശാസ്ത്രത്തിന്നു മുൻകാലത്തുണ്ടായിരുന്ന പ്രചാരത്തിന്റെ ഫലമായി പല പാട്ടുകളും ഉത്ഭവിച്ചിട്ടുണ്ട്. "നക്ഷത്രസ്വഭാവം" വർണ്ണിക്കുവാനായി

അശ്വതിയശ്വമുഖത്തിനു സദൃശം
കൂത്തോരുതൊപ്പി കണക്കെബ് ഭരണി
കാർത്തിക കൂട്ടമതായിക്കാണാം
രോഹിണിയൊററൽകണക്കേയാവു.

എന്നു തുടങ്ങീട്ടുള്ള പാട്ടു കുട്ടികൾക്ക് പഠിക്കുവാൻ ഏററവും യോജിച്ചതാകുന്നു. ജ്യോതിഷത്തിന്നു അടിയുറപ്പുണ്ടാകുവാൻ ഉപയോഗപ്പെട്ടതിന്നു പുറമെ നക്ഷത്രം നോക്കി സമയം ക്ലിപ്തമാക്കുവാനും അക്കാലത്തു ഈ അറിവു പ്രയോജനപ്പെട്ടിരുന്നു. നക്ഷത്രം നോക്കി സമയം അറിയുവാൻ

തിരുവോണത്തിനു മേടം തോട്ടി
ട്ടൊന്നര നാഴിക ചെന്നീടുന്നു.
പിന്നെയവിട്ടം മദ്ധ്യാഹ്നത്തിനു
മേഷേ നാഴിക മൂന്നേമുക്കാൽ.

എന്നു തുടങ്ങുന്ന പാട്ടും അന്നു വളരെ പ്രചാരത്തിലുണ്ടായിരുന്നു. "പ്രയോഗനിർബ്ബലാനാം; പ്രിയായാനനാരി" മുതലായ നക്ഷത്രവാക്യങ്ങളുടെ പരിഭാഷയാണ് ഇവ. ഈ പാട്ടുകൾക്കുപുറമെ നക്ഷത്രസ്വഭാവവും സമയം നിശ്ചയിക്കുവാനുള്ള കണക്കുംകൂടി ചേർത്തിക്കൊണ്ടു ഇങ്ങിനെയും ചില കൃതികൾ നടപ്പിലുണ്ടായിരുന്നു :

സന്നതാംഗി തിരുവോണ നക്ഷത്രം
മൂന്നെടോ പൊൻമുഴക്കോലുപോലതും
തെക്കുദിച്ചിയായ് നില്ക്കുമതുച്ചയ്ക്കു
ന്നോക്ക മേടത്തിലൊന്നര നാഴിക

എന്നതു മറെറാരു പാട്ടിന്റെ ആരംഭമാണ്. കാലത്തിനൊത്തവിധം ഇത്തരം ഗാനങ്ങളെ ഉപയോഗപ്പെടുത്തിയാൽ സാധാരണ ജനങ്ങൾക്കു ഈ ശാസ്ത്രത്തിൽ അഭിരുചി ഉണ്ടാക്കുവാൻ എളുപ്പമായിരിക്കും. ഇത്തരം പാട്ടുകൾ അച്ചടിക്കാത്തതായി കേരളത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോഴും കിട്ടാനുണ്ടായിരിക്കും

ഈ വിഷയത്തിൽ യാതൊരു പരിചയവുമില്ലാത്ത പലരുടേയും ദൃഷ്ടിയിലും ത്രിമൂർത്തികൾ എന്നു പറയുന്ന നക്ഷത്രസമൂഹം പെട്ടിരിക്കും. ഇടവം, മിഥുനം എന്നീ രണ്ടു രാശികൾക്കും തൊട്ടുകിടക്കുന്ന ശബരഗണത്തിൽ പെട്ടതാണ് ത്രിമൂർത്തികൾ. ഈ ഗണത്തെ ഒരു വേടനായിട്ടാണ് മുമ്പുള്ളവർ സങ്കല്പിച്ചിരുന്നതു്. തെക്കുവടക്കു ഏറക്കുറെ ഒരു ദീർഘചതുരത്തിന്റെ രൂപത്തിലാണ് ശബരഗണത്തിന്റെ കിടപ്പ്. അവയിൽ വടക്കുകിഴക്കു ഭാഗത്തു കാണുന്ന തീക്കട്ടപോലെയുള്ള നക്ഷത്രമാണ് തിരുവാതിര. തിരുവാതിരയേയും അതിന്നു നേർ പടിഞ്ഞാറുള്ള നക്ഷത്രത്തെയും വേടന്റെ ചുമലായിട്ടും, തെക്കുഭാഗത്തു കാണുന്ന രണ്ടു വലിയ നക്ഷത്രങ്ങളെ അവന്റെ കാലുകളായും കരുതാം. അപ്പോൾ ത്രിമൂർത്തികൾ വേടന്റെ അരപ്പട്ടയും അതിൽ തെക്കോട്ടു ഒരു വരിയിൽ കാണുന്ന മൂന്നു ചെറിയ നക്ഷത്രങ്ങൾ വാളുമാകുന്നു. തിരുവാതിരയും പടിഞ്ഞാറുള്ള നക്ഷത്രവുംകൂടി ചേരുന്ന വരയുടെ തൊട്ടു വടക്കു കുറച്ചു മങ്ങി തേങ്ങാക്കണ്ണുപോലെ കാണുന്ന നക്ഷത്രങ്ങളാണ് മകീര്യം അല്ലെങ്കിൽ മൃഗശിരസ്സ്. തിരുവാതിരയിൽനിന്നു തെക്കുകിഴക്കോട്ടും കിഴക്കോട്ടും സമദൂരത്തിൽ കാണുന്ന രണ്ടു ശോഭയേറിയ നക്ഷത്രങ്ങളുണ്ട്. ഇവ മൂന്നുംകൂടി നോക്കിയാൽ സമഭുജങ്ങളുള്ള ഒരു ത്രികോണമായിരിക്കും. ഇവയുടെ രൂപം ഒരിക്കൽ നോക്കി മനസ്സിലാക്കിയാൽ പിന്നെ എപ്പോഴും നോക്കിക്കാണുവാൻ എളുപ്പമായിരിക്കും. ഇവയിൽ തെക്കുകിഴക്കുള്ളതു നക്ഷത്രങ്ങളിൽവെച്ചു് ഏററവും പ്രകാശമുള്ളതു രുദ്രനാണ് (Sirius), മറേറതാണ് 'പ്രോസിയോൺ'. ഇവക്കു ബൃഹച്ഛ്വാനം, ലഘുശ്വാനം എന്നും പേരുകൾ ഉണ്ട്. രുദ്രനിൽനിന്നു നേർ തെക്കു കാണുന്ന പ്രകാശമേറിയ നക്ഷത്രം അഗസ്ത്യനാണ് (Canopus). ഇതു് ഇക്കാലത്തു് ഏകദേശം തെക്കുപടിഞ്ഞാറു ഭാഗത്തായിരിക്കും.

മിക്ക രാജ്യങ്ങളിലും ഈ ശബരഗണത്തെപ്പററി രസകരമായ പല ഐതിഹ്യങ്ങളുമുണ്ട്. രുദ്രനെന്ന വേടൻ ഒരു മൃഗത്തിനെ ലക്ഷ്യമാക്കി അസ്ത്രമയച്ചുവെന്നും പെട്ടെന്നു ത്രിമൂർത്തികൾ പ്രത്യക്ഷമായി ശരത്തെ തടുത്തുവെന്നും ഇതുകണ്ടു വേടൻ വിറക്കുന്നതു് ഇന്നും കാണാമെന്നും ചിലർ വിശ്വസിക്കുന്നു. ബ്രഹ്മാവ് താൻ സൃഷ്ടിച്ച

സുന്ദരിയായ തരുണിയിൽ അനുരക്തനായി പ്രണയപ്രാർത്ഥന നടത്തിയെന്നും, ആ സുകുമാരി ഈ അക്രമം ഭയപ്പെട്ടു ഒരു പെൺമാനായി രക്ഷ പ്രാപിച്ചപ്പോൾ ആ കാമകിങ്കരൻ ഒരാൺമാനിന്റെ രൂപത്തിൽ അവളെ പിന്തുടർന്നുവെന്നും, രുദ്രൻ ഇതുകണ്ടു് ക്രുദ്ധനായി ഒരസ്ത്രമയച്ചു ആ മാനിനെ കൊന്നപ്പോൾ ഉടലിൽനിന്നു വേർപെട്ട തലയും (മൃഗശിരസ്സ്) അസ്ത്രവും നക്ഷത്രങ്ങളായി തീർന്നതാണെന്നും മറെറാരൈതിഹ്യം പറയുന്നു. ആ പെൺമാനാണത്രെ രോഹിണി (മകീയ്യത്തിൽനിന്നു സ്വല്പം താഴെ ഇടവം രാശിയിൽ ഇംഗ്ലീഷിലെ V എന്ന അക്ഷരത്തിന്റെ ആകൃതിയിൽ കാണുന്ന നക്ഷത്രഗണം രോഹിണിയാകുന്നു.) ഇനിയും വേറെ ഒരൈതിഹ്യത്തിൽ മീതെ പ്രസ്താവിച്ച ബൃഹച്ഛ്വാദനം, ലഘുശ്വാനം എന്നീ രണ്ടു നായ്ക്കളോടുകൂടി ഈ വേടൻ തെക്കുഭാഗത്തെ ശശത്തെ നായാട്ടുകയാണെന്നു് പറയുന്നു. ധനു ആദ്യത്തിൽ രാത്രി ഒമ്പതുമണിക്കും ധനു മദ്ധ്യത്തിൽ എട്ടുമണിക്കും, മകരം ആദ്യത്തിൽ ഏഴുമണിക്കും കിഴക്കു ചക്രവാളത്തിൽനിന്നു് 40 ഡിഗ്രിമീതെ ശബരഗണത്തെ കാണാം. ഈ ഗണം ജ്യോതിശ്ശാസ്ത്രപാഠം ആരംഭിക്കുന്നവക്കു് ആകാശത്തിൽ ദിക്കറിയാൻ ഏററവും നല്ല ഒരടയാളമാകുന്നു.

വടക്കുകിഴക്കു ഭാഗത്തു് അതി ഭംഗിയായി ഉദിച്ചുകാണുന്ന മറെറാരു ഗണമാണു് സപ്തർഷികൾ. വളരെ പുരാതന കാലം മുതല്ക്കുതന്നെ കലപ്പയെന്നും കരടിയെന്നും വണ്ടിയെന്നും മററുമുള്ള പല രൂപത്തിലും ജനങ്ങൾ ഈ ഗണത്തെ തിരിച്ചറിഞ്ഞുവന്നിട്ടുണ്ടു്. ഇവയിൽ പടിഞ്ഞാറുഭാഗം കാണുന്ന നാലെണ്ണം ഏതാണ്ടു് ഒരു ചതുരത്തിന്റെ രൂപത്തിലും ശേഷമുള്ളതു കമിഴ്ത്തിവെച്ച ഒരു കോരികയുടെ കൈപ്പിടി പോലെയും കാണാം. കൈപ്പിടിയുടെ അററത്തുള്ള നക്ഷത്രം ഏഴാമത്തേതു് എന്നു സങ്കല്പിച്ചാൽ അവയുടെ പേരുകൾ 1 ക്രതു, 2 പുലഹൻ, 3 പുലസ്ത്യൻ, 4 അത്രി, 5 അംഗീരസ്സ്, 6 വസിഷ്ഠൻ, 7 മരീചി എന്നിവയാകുന്നു. വസിഷ്ഠന്റെ അടുക്കെ കാണുന്ന പ്രകാശം കുറഞ്ഞ നക്ഷത്രമാണു് അരുന്ധതി. അതിനെപ്പററി അഷ്ടാംഗഹൃദയത്തിൽ മരണലക്ഷണം എന്ന വിഭാഗത്തിൽ ഇങ്ങിനെ കാണുന്നു.

സപ്തർഷീണാം സമീപസ്ഥാം
യോ ന പശ്യത്യരുന്ധതീം
ധ്രുവമാകാശഗംഗാം വാ
സ ന പശ്യതി താം സമാം.
ശാരീരസ്ഥാനം V 38

[സപ്തർഷികൾക്കടുത്തുള്ള അരുന്ധതി ധ്രുവൻ, ആകാശഗംഗ എന്നിവ കാണുന്നില്ലെങ്കിൽ അയാൾക്കു ഒരു കൊല്ലത്തിനകത്തു മരണം സംഭവിക്കും.] പുലഹനേയും ക്രതുവിനേയും ചേർക്കുന്ന രേഖ ഏകദേശം എട്ടിരട്ടി നീട്ടിയാൽ ധ്രുവനക്ഷത്രത്തിൽ എത്തുന്നു. ധ്രുവനെ കണ്ടുപിടിപ്പാൻ എളുപ്പമുള്ള ഒരു മാർഗ്ഗം ഇതാണു്. അത്രി, അംഗീരസ്, വസിഷ്ഠൻ, മരീചി ഇവയെ ചേർക്കുന്ന വക്രരേഖ നേർകിഴക്കെത്തുന്നതുവരെ നീട്ടിയാൽ തുലാം രാശിയിലുള്ള ചോതിയിലെത്തുന്നു. ചോതി ചോരത്തുള്ളിപോലെ, പൊൻകട്ടപോലെ എന്നെല്ലാം ചൊല്ലുണ്ടു്. ആ വളഞ്ഞ രേഖയെ അവിടെനിന്നു് നീട്ടിക്കൊണ്ടുപോയാൽ കന്നി തുലാം രാശിയിലുള്ള ചിത്ര നക്ഷത്രത്തിലെത്തും. ആ മാർഗ്ഗത്തിലെ ഒന്നാമത്തെ നക്ഷത്രം വളരെ ഭംഗിയുള്ളതാണു്. ചിത്രയെ മുത്തിനോടും ചിരവപല്ലിനോടും ഉപമിക്കാറുണ്ടു്.

'കൊററിയുദിക്കുക' എന്ന രൂപത്തിലാണു് ശുക്രോദയത്തെ നാട്ടിൻപുറത്തുകാർ വ്യവഹരിച്ചുവരുന്നതു്. സൂര്യനിൽനിന്നു് ദൂരക്രമമനുസരിച്ചു രണ്ടാമത്തെ ഗ്രഹമാണു് ശുക്രൻ. ബുധൻ, ചൊവ്വ എന്നിവയെക്കാൾ അതിന്നു വലുപ്പംകൂടും. ഭൂമിയെക്കാൾ സൂര്യന്നു അടുത്ത ഗ്രഹങ്ങളാണു് ബുധനും ശുക്രനും. അതുകൊണ്ടു പ്രഭാതത്തിലും സായാഹ്നത്തിലും മാത്രമെ അവ ദൃഷ്ടിഗോചരമാകൂ. ദിക്കു് ചക്രത്തിൽനിന്നു ബുധൻ 28 ഡിഗ്രിയും ശുക്രൻ 48 ഡിഗ്രിയും മാത്രമെ ഉയർന്നു കാണുകയുള്ളു. നവെമ്പർ 18-ാംനു ശുക്രൻ 47 ഡിഗ്രി മീതെയായിരുന്നു. അന്നാണു് ആ ഗ്രഹത്തിന്നു് ഏററവുമധികം പ്രകാശമുണ്ടായിരുന്നതു്. 225 ദിവസംകൊണ്ടു് ശുക്രൻ സൂര്യനെ ഒരിക്കൽ പ്രദക്ഷിണം ചെയ്യുന്നു. സൂര്യന്നു പടിഞ്ഞാറു ഭാഗമായിരിക്കുമ്പോൾ "ശുക്രൻ പ്രഭാത താര"വും, കിഴക്കു ഭാഗമായിരിക്കുമ്പോൾ "സാന്ധ്യതാര"വുമായിരിക്കും. ഇങ്ങിനെ രണ്ടു ദിക്കിലും ഇടവിട്ടു പ്രത്യക്ഷപ്പെടുന്നതു ഒരേ ഗ്രഹമാണെന്നു് അറിയാതിരുന്നകാലത്തു ഇവക്കു വെവ്വേറെ പേരുകൾപോലും യവനദേശക്കാർ നല്കുകയുണ്ടായി. ശുക്രൻ ഇപ്പോൾ കന്നിരാശിയിലാണു്. നവെമ്പർ അവസാനത്തിൽ അതു ചിത്രാനക്ഷത്രത്തിന്നടുത്തു പ്രകാശിക്കുന്നതു കാൺമാൻ കൌതുകമുണ്ടായിരിക്കും.

അടുത്തുമിക്കവാറും തലക്കുമീതെ കാണുന്ന പ്രകാശമേറിയ ഗ്രഹമാണു് വ്യാഴം. മകം നക്ഷത്രഗണത്തിലെ ഒന്നാം നക്ഷത്രത്തിന്നടുത്തു പടിഞ്ഞാറാണു് ഇക്കാലത്തു അതു കാണുന്നതു്. പന്തീരാണ്ടിന്നു് വ്യാഴവട്ടമെന്നപേരിൽനിന്നുതന്നെ സൂര്യനെ ചുററുവാൻ ഈ ഗ്രഹത്തിന്നു് വേണ്ടുന്നകാലം എല്ലാവക്കും അറിയാം. ശുക്രനെ കഴിച്ചാൽപ്പിന്നെ പൂർവ്വദിക്കിൽ ഏററവുമധികം പ്രകാശിക്കുന്നതു് വ്യാഴമാകുന്നു. ഭൂമിയിൽനിന്നു് മുപ്പത്തെട്ടുകോടി നാഴിക ദൂരെ നിലകൊള്ളുന്ന ഈ ഗോളത്തിന്നു് വലിപ്പം നോക്കിയാൽ സൌരയൂഥത്തിൽ പ്രഥമസ്ഥാനത്തിന്നുതന്നെ അർഹതയുണ്ടു്. ഭൂഗോളത്തിന്റെ വ്യാസം ഏകദേശം എണ്ണായിരം നാഴികയാണു്. അതിൽ പത്തിരട്ടിയിലധികം 86,259 നാഴികയാണു് വ്യാഴത്തിന്റെ വ്യാസം. ഇതിൽനിന്നു് തന്നെ ഈ മഹാഗോളത്തിന്റെ വലിപ്പം ഏകദേശം ഊഹിക്കാവുന്നതാണെല്ലോ. നവമ്പർ 21-ാംനു വ്യാഴത്തേന്റയും ശുക്രന്റേയും ഇടക്കുകാണുന്ന ശരച്ചന്ദ്രന്റെ അപൂർണ്ണകല മനോഹരമായിരിക്കും.

ഇക്കാലത്തു ആകാശമദ്ധ്യത്തിൽ അല്പം പടിഞ്ഞാറു മാറി ശബരഗണത്തിന്നു വടക്കായിക്കാണുന്ന മററു രണ്ടു ഗ്രഹങ്ങൾ ചൊവ്വയും ശനിയുമാണു്. വലിപ്പംനോക്കിയാൽ ചൊവ്വ ഏഴാമത്തേയും, ശനി പന്ത്രണ്ടാമത്തേയും ഗ്രഹമാണു്. പക്ഷെ, ചൊവ്വയിലേക്കു് ഭൂമിയിൽനിന്നു നാലുകോടി നാഴിക ദൂരമെയുള്ളു; ശനിയിലേക്കാകട്ടെ 78 കോടി നാഴിക ദൂരമുണ്ടു്. അതുകൊണ്ടു് അതിന്നു വലിപ്പത്തിന്നൊത്ത പ്രകാശമില്ല. ഇപ്പോൾ ചൊവ്വ ഇടവത്തിലും ശനി മിഥുനത്തിലും വക്രഗതി തുടരുന്നു. രണ്ടു രാശിയിലാണെങ്കിലും അവ അടുത്താണു് സ്ഥിതിചെയ്യുന്നതു്. മകീയ്യത്തിന്നു വടക്കായി കാണുന്നതു ചൊവ്വയും, തിരുവാതിരക്കു വടക്കായി കാണുന്നതു് ശനിയുമാണു്. ഇവ രണ്ടിന്നും അല്പം ചുവപ്പു ഛായയുണ്ടു്. ചൊവ്വ 687 ദിവസം കൊണ്ടും ശനി 20 കൊല്ലംകൊണ്ടും സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു.

ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രയോജനമെന്തെന്നു പലരും സംശയഭാവത്തിൽ ചോദിക്കുന്നതു കേട്ടിട്ടുണ്ടു്. ഘടികാരങ്ങളും മററു യന്ത്രങ്ങളും ധാരാളമുള്ള ഇക്കാലത്തു സമയം അറിയുന്നതിന്നുമാത്രമായി ശാസ്ത്രാഭ്യാസത്തിന്നുള്ള ഈ അദ്ധ്വാനം അസ്ഥാനത്താണെന്നു് സമാധാനിക്കാം. എങ്കിലും അംബരവീഥിയുടെ അപാരതയിൽ ചിതറിക്കിടക്കുന്ന താരാസമൂഹങ്ങൾക്കു് നമ്മുടെ മനസ്സിനെ ആകർഷിക്കാൻ അസാധാരണമായ ഒരു ശക്തിയുണ്ടെന്നും പലക്കും അനുഭവപ്പെട്ടിരിക്കും. ആകാശഗോളത്തിന്റെ അർദ്ധഭാഗം തികച്ചും കാണത്തക്കവണ്ണം ഉയരമുള്ള കുന്നിന്മേൽനിന്നു് കാറുതെളിഞ്ഞ ഒരു രാവിൽ നോക്കുമ്പോൾ വിസ്മയജനകമായ ആ വ്യോമരംഗം എന്തെന്തു വികാരങ്ങൾ മനസ്സിൽ ഉളവാക്കുകയില്ല. ബ്രഹ്മകടാഹത്തിന്റെ മേൽത്തട്ടും കീഴ്ത്തട്ടും ഒരുപോലെ തിങ്ങിനിറഞ്ഞിരിക്കുന്ന ഒരു മഹാശക്തിയുടെ ഹൃദയസ്പന്ദനം നമ്മുടെ ശ്രവണപുടങ്ങളിൽ അപ്പോൾ മന്ദമായി മാറെറാലികൊള്ളുന്നു. പ്രപഞ്ചകർത്താവിന്റെ ആ വിശിഷ്ടഗ്രന്ഥം—അതിലെ ഓരോ അക്ഷരവും ഓരോ തേജോഗോളങ്ങളാണു—ഒന്നുമാത്രം മതി കണ്ണും കരളും ഉള്ളവന്നു് കാര്യങ്ങളുടെ ഊടു് എററക്കുറെ തെളിഞ്ഞുകാണുവാൻ. വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശം സംസ്കാര സമ്പാദനവും, സംസ്കാരത്തിന്റെ പ്രധാന ലക്ഷണം ഹൃദയവിശാലതയുമാണെങ്കിൽ ജ്യോതിശ്ശാസ്ത്രത്തിന്നു നമ്മുടെ വിദ്യാഭ്യാസത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. നാം ഇത്ര കാര്യകാര്യമായി കരുതുന്ന ഈ ഭൂമിതന്നെ അനന്തവിസ്തൃതിയിലെ ഒരു രേണുശകലമാത്രമാണെന്നു് ഈ ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ സുഖദുഃഖങ്ങളുടെ ക്ഷണികതയും നിസ്സാരതയും നമുക്കു തെളിഞ്ഞുകാണുവാൻ സാധിക്കുന്നതോടുകൂടി നമ്മുടെ ആത്മപ്രഭാവവും ഒട്ടൊട്ടു പ്രകാശിക്കുന്നു. ക്രമേണ നമ്മുടെ ഭാവനാശക്തി ഉദ്ദീപിതമായി ഈ വിശ്വനാടകസൂത്രധാരന്റെ പാദാരവിന്ദത്തിലേക്കു് അതിന്റെ പൊൻചിറകുകൾ വിരുത്തി പതുക്കെ ഉയരുവാൻ ശ്രമിക്കുന്നു. അതോടുകൂടി പരാർത്ഥമായ നമ്മുടെ കർമ്മശക്തി കൂടുതൽ കാര്യക്ഷമമാകത്തക്കവണ്ണം നിഷ്കാമവും നിർമ്മലവുമായ ഒരു ഭക്തിരസം അന്തരംഗത്തിൽ ഉത്ഭവിക്കുകയും ചെയ്യും. ഈ ചിത്തവൃത്തി തീർച്ചയായും നമ്മുടെ ഉൽഗതിയെ സഹായിക്കുന്നുവെന്നും, ലോകക്ഷേമത്തിന്നുപയുക്തമാകുന്നെന്നും നിർവ്വിവാദമാണല്ലൊ.

(മാതൃഭൂമി)

(10-ാം പേജിൽനിന്നു തുടർച്ച)

ണുന്നില്ല. പാശ്ചാത്യ പരിഷ്കാരത്തിന്റെ പുകയേററു വെററിലക്കു പററീട്ടുള്ള വാട്ടംമാറി, രണ്ടാമതു അതു കുളിർത്തു തഴച്ചു തളിക്കുമെന്നു തോന്നുന്നില്ല. എങ്കിലും മലനാട്ടിൽ എന്നും ചുരുക്കം ചിലരെങ്കിലും വെററിലയെ ആശ്രയിച്ചും ആരാധിച്ചും കഴിഞ്ഞുപോരുന്നവരുണ്ടായിരിക്കും എന്നു തീർച്ചയാണു്. ഉള്ളു പുകച്ചുവിടുന്ന ചുക്കിച്ചുളിഞ്ഞ പുകയിലക്കു്, തണുത്തു മിനുത്ത വെററിലയെ ഈ നാട്ടിൽനിന്നും തീരെ ഓടിച്ചുകളയുവാൻ കഴിയുമെന്നു തോന്നുന്നില്ല. നെററിക്കുററിയിൽ പററിക്കാൻ ഒരു വെററിലതുമ്പെങ്കിലും ഉള്ള കാലത്തോളം കേരളത്തിൽനിന്നു് അരി പോയാലും ശ്രീ പോകയില്ലെന്നു ഏതു മലയാളിക്കും സമാധാനിക്കാം.

(കേരളോപഹാരം)

# വീരകൃത്യം അഥവാ താനാജി

## ഏകാങ്ക നാടകം

(പകർപ്പവകാശം ഗ്രന്ഥകർത്താവിനുമാത്രം)

(ശ്രീമാൻ കുറുവങ്ങാട് കെ. ജി. പണിക്കർ)

[ലോകയുദ്ധത്തിന്റെ അഞ്ചാം വർഷപ്പിറപ്പിനെ ഓർമ്മിക്കുവാൻവേണ്ടി 1944 ജനുവരി 1-ാംനു എഴുതി 3-ാംനു അവസാനിപ്പിച്ച് കുറുവങ്ങാട് ബാ. ഗോ. ഭ. സം. നടന സഭക്കാർ അഭിനയിപ്പിച്ചു അരങ്ങേററിയതു്.]

നാന്ദി.

മന്നിനും മനനത്തിനെന്നു മുതകന്നേതൊന്നു, ധീരാഗ്രിമ-
ന്നന്യൂനം ശ്രുതിവാക്യവാനെതുപരം പാദാ പരംമൂലമായ്;
ശത്രോന്തത്തിഫലം സുഖംതരുവതിന്നേതൊന്നലംപ്രാപ്തമ-
ജ്ജന്യം, ജാതുജിതശ്രമം * ജിതമിയന്നേകട്ടെ സന്മംഗളം.

(നടന്മാരെല്ലാവരും ഒരുമിച്ചുനിന്ന്.)

സ്തുതി.

പാട്ട്: കല്ല്യാണി ആദി.

(പല്ലവി)

പരാത്പര പരമേശ്വര, പര-
പരാഭവ ഹര, ശ്രീവരാ, കരുണാകര
നമസ്തുതെ (പരാ)

(അനുപല്ലവി)

പുരാവിരാജിത ശ്രുതിധരാ,
ധരാവല്ലഭ, വല്ലഭവിക്രമ
കൌമുദീസമാന കൌതുക പര-
മുന്മേഷം നൽകുംശങ്കര,
സംഹാരരുദ്ര, സച്ചിന്മയ
സന്മയാമയ വിഹീന, ജനാവന (പരാ)

(ചരണം)

നിരന്തരം തവപദം തൊഴും, പശു-
പാലക വിരചിതമിദം മലയാള-
ഭാഷാ സംഗീതനാടകം,
"വീരകൃത്യ" മഥവാ "താനാജി"-
നാമം ഏലുവതൊ
ന്നാട്ടുവതിന്നു സംരംഭം
ഞങ്ങൾക്കിതിലേകേണം
മംഗള മഭംഗുരം നേമം. (പരാ)

### രംഗം I

[രാജഘഡ എന്ന കോട്ടയിലെ ഒരുദ്യാനത്തിൽ ശിവജിയും, മാതാവായ ജീജാബായിയും ചതുരംഗം കളിച്ചുകൊണ്ടിരിക്കുന്നു. കളിച്ചുകൊണ്ടിരിക്കുന്നതിന്നിടക്ക് പലപ്പോഴും വിചാരസ്തബ്ധനായ ശിവയെ കണ്ടിട്ടു.]

ജീജാബായി: "ഉണ്ണീ, ഉഷാറായിരിക്കൂ. ഇതാ നിനക്കിനി കാലാൾ കുറച്ചേയുള്ളൂ."

ശിവജി: "അമ്മേ, അമ്മയുടെയും ദേവി ശിവാനി മാതാവിന്റെയും അനുഗ്രഹങ്ങളുണ്ടെങ്കിൽ, കാലാൾ എത്ര തുച്ഛമായാലും ശരി, അതിന്റെ നിയന്ത്രകൻ ഞാൻ ആയിരിക്കയാൽ വിജയം എനിക്കുണ്ട്."

ജീജാ: "ശരി, കളിക്കൂ". (കളി തുടങ്ങുന്നു. അല്പ ചെന്ന ശേഷം) "ഹൈ, നീ പിന്നേയും കളി പിഴപ്പിച്ചു. "നിനക്കെന്താണ് കളിയിൽ ഇന്ന് ഇത്ര ഉന്മേഷക്കുറവ്?"

ശിവ: വിശേഷാൽ ഒന്നുമില്ല."

ജീജാ: "ഉം. കളിക്കൂ." (കളിതുടരുന്നു.) (പിന്നെയും ശിവജിയുടെ കരുവെട്ടിക്കളഞ്ഞു ചിരിച്ചുകൊണ്ട്) "പോരാ, നിനക്ക് ശ്രദ്ധ പോരാ. കളിയിൽ നല്ലപോലെ മനസ്സിരുത്തൂ."

ശിവ: "അമ്മേ, അവിടുത്തെ ആജ്ഞപോലെ." (കളിക്കുന്നു) (ജീജാബായി വീണ്ടും ശിവജിയുടെ കരു വെട്ടിയിട്ട്) "വത്സാ, നീ കേവലം ഗതോന്മേഷനായിരിക്കുന്നതുകൊണ്ടാണ് നിന്റെ കരുക്കൾ വെട്ടിപ്പോകുന്നതു്. ഇപ്പോൾ ആളെ ഉന്തുകയാണ് നീ ചെയ്യിരുന്നതെങ്കിൽ..........!

ശിവാ: "വാസ്തവം, ഞാനതു പിന്നിടാണ് ഓർമ്മിച്ചതു്."

ജീജാ: "അതെ, ഞാൻ നേരത്തേ പറഞ്ഞതു് സത്യം തന്നെയെന്നു ഇപ്പോൾ തീർച്ചയായി. നിനക്ക് ഇന്നു കളിയിൽ വളരെ ഉന്മേഷക്കുറവുണ്ട്. എന്തെങ്കിലും ഒരു പന്തയം ഉണ്ടായാൽമാത്രമേ വാശി കൂടുകയുള്ളൂ. ഒരു പന്തയം നിശ്ചയിക്കൂ."

ശിവാ: "അമ്മയുടെ ഹിതം."

ജീജാ: "ഞാൻ കളിയിൽ ജയിക്കുന്നപക്ഷം 'സിംഹഘഡാ' ദുർഗ്ഗം തിരികെ പിടിച്ച് നീ എനിക്കു നൽകണം. ഉറച്ചുവോ."

ശിവാ: "ഞാൻ ഇത്രയും സമയം 'സിംഹഘഡ്'യെ കുറിച്ചു തന്നെയാണ് വിചാരിച്ചുകൊണ്ടിരുന്നതു്."

ജീജാ: "അതുവ്വോ! ക്രമാതീതമായ ഒരു ചിന്തക്കു 'സിംഹഘഡ' പാത്രമാവുന്നതു എങ്ങിനെ?"

ശിവാ: "അമ്മേ, അത്യുന്നതങ്ങളായ പർവ്വതങ്ങളാലും അത്യഗാധങ്ങളായ നിമ്നപ്രദേശങ്ങളാലും ചുററപ്പെട്ട 'സിംഹഘഡ' മടക്കിപ്പിടിയ്ക്കുക എത്ര ദുഷ്കരകൃത്യമാണെന്ന് അമ്മ ഓർക്കുന്നുണ്ടോ?"

ജീജാ: "ഉണ്ണീ, മഹാരാഷ്ട്ര വീര്യത്തിന്നു ദുഷ്കരമായ ഒരു കൃത്യമോ? അത്ഭുതം! നിന്റെ നാവിൽനിന്നു ഇങ്ങിനെ ഒരഭിപ്രായം പുറപ്പെടുന്നതു കേൾക്കുവാൻ എനിക്കു വിധിയുണ്ടായതിൽ ഞാൻ വ്യസനിക്കുന്നു." (നിരാശാപൂർവ്വം കളിനിർത്തി എഴുന്നേല്ക്കുവാൻ ഭാവിക്കുന്നു.)

ശിവാ: "അമ്മേ, ക്ഷമിക്കണം, അങ്ങ് വ്യസനിക്കേണ്ടതില്ല; ഞാൻ ഒരു ഭീരുത്വം പറയുകയല്ല. വീരമാതാവായ അങ്ങയുടെ പുത്രനു ആ പദം അപശ്രുതിയുണ്ടാക്കുകയില്ല. പ്രസ്തുത കൃത്യത്തിന്റെ ഗൌരവത്തെ ഞാൻ ഒന്നു തുലനംചെയ്തു നോക്കിയതു മാത്രമാണ്. അമ്മ ദയവുചെയ്തു ഇരിക്കുക. നമുക്കു കളി തുടരാമല്ലോ?"

ജീജാ: (പുഞ്ചിരിക്കൊണ്ടു കൊണ്ട്) "ഞാൻ ഇരിക്കേണമെങ്കിൽ നീ എന്റെ പന്തയം സമ്മതിക്കണം."

ശിവാ: "അമ്മയുടെ ആജ്ഞയെ ഞാൻ അനുഗ്രഹമായി സ്വീകരിച്ചു."

ജീജാ: ഉണ്ണീ,

പാട്ട്: ഹിന്ദുസ്ഥാനി തോടി. ആദി.

(തേടിവന്തേനെ വള്ളീമാനെ മട്ട്)

(പല്ലവി)

† ആജിനാമേല്ക്കും . . . അവഹാരം. ഇതിൽ
രാജകമേതും വരും യോഗം . . സംഭോഗം (ആ)

(ജീജാ, ഇരുന്നു കളിക്കുന്നു.)

(ശിവാജി ആഹ്ലാദപൂർവ്വം ഇരുന്നു കളിച്ചുകൊണ്ട്)

(അനുപല്ലവി 1)

‡ അതി മോദമേകുമിതിനെൻ ജീവിതം-
ആധി, നനുഗുണയുത മതിപാവിതം (ആ)

(ജീജാ-ആഹ്ലാദപൂർവ്വം കളിച്ചുകൊണ്ട്)

(അനുപല്ലവി 2)

ശക്തർക്കധികാകല്പം സമുചിത-
മുഖ്യംഹാ! മഹാരാഷ്ട്ര വിനോദം (ആ)

(ശിവജി ആഹ്ലാദപൂർവ്വം കളിച്ചുകൊണ്ട്)

(അനുപല്ലവി 3)

ഇതിലെത്തു മുടൻ കുതുകത്തിനുമൽക്കൊതി-
ബദ്ധമുണർവ്വിയലുന്നിതസമ്പ്രതി (ആ)

(ജീജാബായി കളിക്കുന്നു. ആഹ്ലാദപൂർവ്വം.)

പാട്ട്: ചരണം.

എൻ-ചാതുനിൻ മനോഗതം
ആദരിച്ചതുചിതം
ശിവജി: ഗീതധേനു പാലകമോതുവ-
രോതി,തേ,രണം, ക്ഷത്രിയധർമ്മമേ (ആ)

* വിജയം. † യുദ്ധം. ‡ പണയം.

(ഉന്മേഷപൂർവ്വം ആലോചിക്കുന്നു.)

ജീജാ: "ഉണ്ണീ, ഇപ്പോൾ എങ്ങിനെ ?"

ശിവ: (പെട്ടെന്നു, കളി ശ്രദ്ധിച്ചുകൊണ്ട്) "അഹോ! അടിയനറിയാമോ ?"

ജീജാ: "പിന്നേ ? .... ഉം .... പന്തയം നിവൃത്തിക്കുവാൻ ഉടനെ ഉത്സാഹിച്ചുകൊള്ളുക.

ശിവ: "തീർച്ചയായും!" (അമ്മയുടെ കാലുകൾ തൊട്ടു വന്ദിച്ചുകൊണ്ട്) "അമ്മയുടെ അനുജ്ഞയാണ് എന്റെ നിയമം."

ജീജാ: "ശരി, നമുക്കാണ് പൂർണ്ണവിജയം. വത്സാ, നിനക്കു മംഗളം ഭവിക്കട്ടെ" (അനുഗ്രഹിക്കുന്നു). ശിവജി ശിരസ്സു കുനിച്ചു വന്ദിച്ചു പുറത്തേക്കു എന്നോണവും ജീജാ അന്തർഗൃഹത്തിലേക്കെന്നോണവും പോകുന്നു. (കർട്ടൻ വീഴുന്നു.)

## രംഗം II

[ഒരു വനപ്രദേശത്തിൽ യാത്രചെയ്യുകൊണ്ടിരിക്കുന്ന ശിവജിയും, തന്റെ ഉത്തമ മിത്രവും സേനാനായകനുമായ താനാജിയും സംസാരിച്ചുകൊണ്ടിരിക്കുന്നു.]

(താനാജി വമ്പിച്ച ശരീരവും ചെമ്പിച്ച തലമുടിയും കൊമ്പൻ മീശയുമുള്ള ഒരു വിപുല ധീരപ്രകൃതിയാണ്.)

ശിവ: "പുത്രന്റെ വിവാഹകർമ്മം നിർവ്വഹിക്കപ്പെടുന്നതിനു മുമ്പേ ഭവാന്ന് ഇങ്ങട്ടു വരേണ്ടിവന്നതു ഒരുപക്ഷേ തെല്ലൊന്നു കഷ്ടമായിപ്പോയിരിക്കും! അല്ലേ ? പക്ഷേ ക്ഷാത്രധർമ്മമൂർത്തിയായ അങ്ങേക്കു ഏററവും പ്രതിപത്തിയുള്ള ഒരു കൃത്യം നിവൃത്തിക്കുന്നതിനുവേണ്ടിയാണെന്ന് എനിക്കു സമാശ്വാസമുണ്ട്."

താനാ: "ഹൈ! ഇതിൽ തെല്ലും കഷ്ടമില്ല. വിവാഹകർമ്മം എന്നേക്കാൾ ഞാനേല്പിച്ച ബന്ധുക്കൾ സുതൃപ്തമായി നടത്തിക്കൊള്ളുമെന്ന് എനിക്കു പരിപൂർണ്ണവിശ്വാസമുണ്ട്. മാത്രമല്ല, ഒരു മഹാരാഷ്ട്ര ഭടനു സ്വാമിയുടെ കല്പന അനുസരിക്കുന്നതിൽപരം അത്യന്താപേക്ഷിതമായി മറെറാന്നില്ല. ഒരു ധർമ്മവ്രതനു സ്വാമിഭക്തിയേക്കാൾ മംഗളകരമായി മറെറാന്നില്ല."

ശിവ: "ശരി! താനാജി, ഏററവും ദുസ്സാധ്യവും ആപൽക്കരവുമായ ഒരു കാര്യം ചെയ്യേണ്ടതിന്നാണ് ഞാൻ അങ്ങയെ ആളയച്ചു വരുത്തിയതു എന്നു വിചാരിക്കുക! എന്നാൽ! ......"

താനാ: "തിരുമേനീ, അങ്ങയുടെ ആജ്ഞയാണ് എനിക്കു ശക്തി. അതു എപ്പോൾ എനിക്കു കിട്ടിക്കഴിയുന്നുവോ, ആ നിമിഷം തുടങ്ങി ഏതു കാര്യവും എനിക്കു സുസാധ്യവും സമ്പൽക്കരവുമായി തീരുന്നു. അതു അങ്ങു മനസ്സിലാക്കിയിരിക്കുമെന്നാണ് ഞാൻ കരുതുന്നതു്."

ശിവ: "മാല്യസരേ[1], അങ്ങു അന്യഥാ വിചാരിക്കേണ്ട. അങ്ങയെ തികച്ചും എനിക്കറിയാം. സാക്ഷാൽ സ്വാമി ഭക്തൻ—വിജയലക്ഷ്മി അന്വേഷിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ധീരൻ അങ്ങു ആണ്. ഭാരതീയ മഹിമ അങ്ങയിൽ പ്രസ്ഫുടമായുണ്ട്."

താനാ: "മഹാരാജാവേ, അങ്ങയാൽ നിയന്ത്രിതനായ അടിയന്നു ഏവംവിധം സൽഭാവങ്ങളുള്ളതിൽ എന്താണ് അത്ഭുതം ? ധീരാത്മാക്കളുടെയും അതുലസ്വാമിഭക്തന്മാരുടേയും ജനയിതാവാണ് അങ്ങ്."

ശിവാ: "വാസ്തവം, ഭാവിഭാരതം നമ്മെ മാതൃകകളാക്കിക്കൊണ്ടു രാഷ്ട്രീയ സംരക്ഷണാഘടകങ്ങൾ നിർമ്മിക്കുമാറാകട്ടെ. സേനാപതേ! എന്റെ ഉദ്ദ്യോഗം ഇന്നു ഏതാണെന്നറിയാമോ! നമ്മുടെ അധീനത്തിൽ ഇരുന്നതും അല്പകാലമായി മുഗിളരുടെ വശം പെട്ടു നില്ക്കുന്നതുമായ 'സിംഹഘഡാ' ദുർഗ്ഗം തിരികെ പിടിക്കുന്നതാണ്."

താനാ: "ഭേഷ്. അതു ഏററവും അത്യന്താപേക്ഷിതം തന്നെ. ഈ വീരകൃത്യത്തിൽ നിയുക്തനാവുകയെന്നതു് എനിക്കു ലഭിക്കാവുന്ന ഏററവും അനർഘമായ ഭാഗ്യമെന്ന് ഞാൻ അഭിമാനിക്കുന്നു."

ശിവാ: (ആഹ്ലാദപൂർവ്വം) "ഹാ! ധീരോത്തംസമേ! അസാമാന്യപരാക്രമത്തിന്നു പ്രേരിതനാവുക—അതെ—അതൊരു യഥാർത്ഥ ഭടന്റെ അനുഗ്രഹം തന്നെയാണ്. അങ്ങ് ഓർക്കുന്നുണ്ടോ, ഒരു കവി വാക്യം."

പാട്ട്, സുരട്ടി, രൂപകം.

("ശിവപെരുമാൻ കൃപൈ" എന്ന മട്ട്.)

(പല്ലവി)

അഖിലസുഖം അപദാനം........അതിൽ......
അപനയം ഭടനതിവേലം, പ്രതികൂലം (അഖി)

താനാ: "അതെ."

(അനുപല്ലവി)

പരമപദമെ,
വിജയമവനെന്നാളും,
പരികരം,—
പരിഗതം[2] പരിപണം[3]—
അവനാളും (അഖി)

(ശിവജി: (ചരണം)

പരിപന്ഥി നിലയനം
പരിപണിത[4]ംപോലെ
പരിപ്ലവഗതി നല്കി
പരിശ്രുതിയേല്ക്കുക
പരി[5] പസിതം ധർമ്മമേ—
യോദ്ധാവിന്നിതേ—
പരിണതംമതം ഗോപാലകവിധൃതം (അഖി)

താനാ: "പരമാർത്ഥം; കവിവാക്യം അക്ഷരംപ്രതി അന്വർത്ഥം. അങ്ങ് ഏത് അവസരമാണ് ഈ അവഗ്രഹത്തിന്നു നിർദ്ദേശിക്കുന്നതു്. ഈ മഹൽകർമ്മനിർവ്വഹണത്തിന്ന് എന്റെ ബലിഷ്ഠബാഹുക്കൾ ഉഴറുന്നു."

ശിവാ: "നാളെത്തെ നിശീഥി ഇതിന്നുപയോഗിക്കണമെന്നാണ് എന്റെ പക്ഷം. നമുക്കു ഇപ്പോൾ ആഹവസന്നാഹം അതിമാത്രമുണ്ടെങ്കിലും വലിയ ആൾനഷ്ടം കൂടാതെ കാര്യം നടത്തണം. എന്താണ് അങ്ങയുടെ പക്ഷം ?"

താനാ: "തീർച്ചയായും അതുതന്നെ."

ശിവാ: "ഉദയഭാനു എന്ന രജപുത്രസേനാപതിയാണ് ഇന്ന് സിംഹഘടയുടെ രക്ഷാധിപതി. അദ്ദേഹത്തെ വശീകരിപ്പാനോ ഉപായംകൊണ്ടു പരാജയപ്പെടുത്തുവാനോ ശക്യമല്ലെന്ന് നമുക്കു അറിയാം. അതുകൊണ്ടുതന്നെയാണ് ഉഗ്രമായ സംഗ്രാമത്തിന്ന് ഒരുങ്ങി എന്റെ ഉത്തമമിത്രവും മുഖ്യ സേനാനായകനുമായ അങ്ങയെത്തന്നെ ഇതിന്നു നിയമിക്കുന്നതു്."

താനാ: ഈ മഹാഭാഗ്യം എനിക്കു കല്പിച്ചനുവദിച്ചു തന്നതിന്നു നന്ദിപൂർവ്വകം കൂപ്പുകൈ! ആയോധനത്തിന്നു ആജ്ഞ നൽകുകയേ വേണ്ടതുള്ളൂ. ആ അനുഗ്രഹവുമേന്തി ഞാൻ വിജയക്കൊടിയുയർത്തും."

ശിവാ: "മാല്യസരെ എനിക്കിതിൽ പരിപൂർണ്ണ വിശ്വാസമുണ്ട്. രണശൂരന്മാരായ മാവലി സംഘം ഒരജയ്യശക്തിയുമാണ്. എന്നാൽ കിഴക്കാന്തൂക്കമായ പാറയിൽ കാൽ വെച്ചു കയറി കോട്ടയിൽ പ്രവേശിക്കുവാൻ എങ്ങിനെ സാധിക്കും ?"

താനാ: തിരുമേനീ അതിന്നൊരു സൂത്രമുണ്ട്. ഒരു കയർ ഉടുമ്പിന്റെ ശരീരത്തോടു ബന്ധിച്ചു അതിനെ കോട്ടയുടെ മുകളിലേക്കു എറിയണം. ഉടുമ്പു പാറയുടെ മുകൾഭാഗത്തെത്തി മുറുകെ പിടിച്ചു നിന്നതോടുകൂടി കയറു വഴിയായി കയറുവാൻ ഭടന്മാർക്കു കഴിയും. നിശ്ശബ്ദമായി നടക്കുന്ന ഈ പ്രവർത്തി ആവശ്യമുള്ള സൈന്യം അകത്തു പ്രവേശിച്ചേ മുഗിളർ അറിയുകയുള്ളൂ."

ശിവാ: "ഭേഷ്! നമ്മുടെ ആസൂത്രണങ്ങളും ഒരുക്കങ്ങളും ആയിക്കഴിഞ്ഞു. ഇനി ഭവാനീ മാതാവിന്റെ അനുഗ്രഹമേ സാധിക്കേണ്ടതുള്ളൂ."

താനാ: അതിനും അനുകൂല്യപ്പെട്ട അവസരം ഇതുതന്നെയാണ്. നാം ക്ഷേത്രസന്നിധിയിലാണ് എത്തിയിട്ടുള്ളതും.

ശിവാ: "ശരി, നാം നമസ്കാരമണ്ഡപത്തിൽ—ശ്രീ കോവിലിൽ പ്രവേശന ദ്വാരത്തിലേക്കു ചെല്ലുക. (രണ്ടാളും നടന്നു ക്ഷേത്രത്തിൽ കടക്കുന്നതായി ഭാവിക്കുന്നു. വിഗ്രഹത്തിന്നു മുമ്പിൽ നിശ്ചിലധ്യാനമഗ്നരായി നിലകൊണ്ടുനിന്ന്")

പാട്ട്, പന്തുവരാടി, രൂപകം.

(പല്ലവി)

അഞ്ചിതപദയുഗളേ,
ദയാലവ,
സഞ്ചിതവരം കരുതെ..... (അഞ്ചി)

(അനുപല്ലവി)

അഞ്ജലി പരംപണിയും, മാമകം-
പഞ്ചമൊഴിക്കേണമേ, ദേവി, ഭവാനീ. .(അഞ്ചി)

(ചരണം)

അഞ്ജനാസമയാനേ, ദയാവതീ-
മഞ്ജുളകുന്ദരദനേ, രൂപവതീ,
പഞ്ചക[6] പരമംഗളം മഘം[7]—ഏക്കലോക ജനനീ-
സഞ്ചയ പദ പശുപാലക വിജയം......(അഞ്ചി)

(നമസ്കരിച്ചു പിൻ വാങ്ങിപ്പോകുന്നു—കർട്ടൻ വീഴുന്നു)

---

[1] മഹാരാഷ്ട്ര മര്യാദയിൽ സേനാനായകനെ വിളിക്കുന്ന ഒരു പദം. [2] അറിയപ്പെട്ട. [3] മൂലദ്രവ്യം. [4] പ്രതിജ്ഞ ചെയ്യപ്പെട്ടതു. [5] ആദരിക്കപ്പെട്ടതു്. [6] യുദ്ധം. [7] സമ്മാനം.

## രംഗം III

(പൂർവ്വാർദ്ധം)—[താനാജിയും മാവലി ഭടന്മാരും വരുന്നു; കയറു കെട്ടി ഉടുമ്പിനെ എറിഞ്ഞു പിടിപിടിച്ചു കയറു വഴിയായി താനാജിയും ഭടന്മാരും കയറി കോട്ടയിൽ പ്രവേശിക്കുന്നു; കോട്ടയ്ക്കകത്തു ഭയംകര യുദ്ധം നടക്കുന്നു. യോദ്ധാക്കൾ മൃത്യുവശഗരായി വീഴുന്നു; കൈകൾ, കാലുകൾ, തലകൾ ഇവ കോട്ടയ്ക്കു പുറത്തു തെറിയ്ക്കുന്നു;

താനാജിയും ഉദയഭാനുവും തമ്മിൽ ദ്വന്ദ്വയുദ്ധം—ഇരുവരും ക്ഷതരായി വീണു വീരസ്വർഗ്ഗം പ്രാപിക്കുന്നു. സൂര്യാജി ഭയങ്കരമായി പൊരുതുന്നു. മുഗിളഭടന്മാർ കോട്ടമതിൽ കടന്നു ചാടി മരിക്കുന്നു. ശേഷിച്ചവർ ആയുധം വെച്ചു കീഴടങ്ങുന്നു. വിജയവാർത്ത ശിവജിയെ അറിയിപ്പാൻ മാവലികൾ അഗ്നികുണ്ഡം ജ്വലിപ്പിയ്ക്കുന്നു.]

(ഉത്തരാർദ്ധം)—[ആരാമത്തിൽ ശിവജി അസ്വസ്ഥനായി ഉലാത്തുന്നു.) (ആത്മഗതം) "വിജയം നമ്മുടെ പക്ഷം സാധിപ്പിച്ചുവെന്നു് മാവലികൾ ഉജ്ജ്വലിപ്പിച്ച അഗ്നികുണ്ഡം വെളിവാക്കി; എന്നിട്ടും സമയം ഒട്ടധികം ചെന്നു. എന്തായിരിക്കും വിജയവാർത്തയും കൊണ്ടു മാവലികൾ മടങ്ങുവാൻ താമസം. സൈന്യങ്ങൾ ഒട്ടധികം നശിച്ചുപോയിരിക്കുമോ ?" (വീണ്ടും ചിന്താക്രാന്തനായി ഉലാത്തുന്നു.) (ഒരു തവണക്കാരൻ പ്രവേശിച്ചു.) മഹാരാജാവു ജയിച്ചാലും. വിജയം വരിച്ചു മാവലി ഭടന്മാർ സന്തോഷഭരിതരായി തിരുമുഖം കാണുവാൻ വിട ചോദിച്ചുകൊണ്ടു പുറത്തു നില്ക്കുന്നു.

ശിവാ : "അവരെ അകത്തുകടക്കുവാൻ അനുവദിക്കൂ."

തവണ : "കല്പനപോലെ." (പോകുന്നു. മാവലികൾ അകത്തു പ്രവേശിക്കുന്നു.) തിരുമേനി ജയിച്ചാലും.

ശിവാ : "വീര പ്രധാനികളെ! നിങ്ങൾക്കു മംഗളം! താനാജി എവിടെ ?"

ഒരു ഭടൻ : "സേനാപതിയും ഉദയഭാനുവും തമ്മിലുണ്ടായ ദ്വന്ദ്വയുദ്ധത്തിൽ ഇരുവരും ക്ഷതരായി വീണു വീരസ്വ........"

ശിവാ : "ഹാ! എനിക്കു സിംഹഗഢ കിട്ടിയെങ്കിലും എന്റെ സിംഹം നഷ്ടപ്പെട്ടു" (മോഹാലസ്യപ്പെട്ടു വീഴുന്നു. എല്ലാവരുംകൂടി ശുശ്രൂഷിക്കുന്നു; ബോധം വന്നശേഷം ശോകഭാരത്തോടുകൂടി) "എന്റെ ദക്ഷിണ ബാഹുവാണു് നഷ്ടപ്പെട്ടതു്. ഗതപ്രാണതുല്യനായ എന്റെ ജീവിതം മേലിൽ ക്ഷതതന്ത്രിയായി പരിണമിച്ചേക്കുകയില്ലേ, കഷ്ടം!"

മറെറാരു ഭടൻ : "പ്രഭോ! ഒരിക്കലുമില്ല. നശ്വരമായ ശാരീരികബന്ധത്തെ നാം എങ്ങിനെ ആലംബമാക്കും! മരണം ഏതു ജീവിക്കും ഉള്ളതു്. അതിന്റെ അവസരവും അജ്ഞേയം."

മറെറാരു ഭടൻ : "സത്യം! വീരോത്തംസങ്ങളായ ഭവാദൃശന്മാർക്കു മൃത്യുവും അക്ഷയകീർത്തിക്കു നിദാനമാകുന്നതല്ലേ മഹാത്മ്യം."

ശിവാ : "ശരി, ഞാനും ഇതു നിനയ്ക്കുന്നു."

മറെറാരു ഭടൻ : "വിശേഷിച്ചു, സേനാപതി ശത്രുപക്ഷത്തിൽ മൂന്നിൽ രണ്ടു ഭാഗവും നശിപ്പിച്ചുകൊണ്ടാണു് വീരചരമം വരിച്ചതു്. അവർക്കു നമ്മുടെ അപ്രതിഹതമായ ആഹവനൈപുണ്യം തികച്ചും ഗ്രഹിക്കപ്പെട്ടുകഴിഞ്ഞു. ആളിക്കത്തുന്ന ദാവാനലനിൽ അമൃതവർഷത്തിന്റെ ഫലമാണു് ഞങ്ങൾ പ്രതിയോഗികൾക്കു വരുത്തിത്തീർത്തതു്. സേനാപതിയുടെ പരലോകയാത്ര—വീര സ്വർഗ്ഗതി—പരം പരം പരിപാവനമായിട്ടാണു് കഴിഞ്ഞതു്."

ശിവാ : "ഹാ: അതു ഉത്തമമായി. നാം ആ വീരചരിതന്റെ പുണ്യാത്മാവിന്നു നിത്യനിർവൃതി നേരുക!

പ്രാർത്ഥന : ബലഹരി, ആദി.

(പല്ലവി)

ലോക നിയാമകമാം നിയമമേ—നീ
വിജയാശ്രിത നിർവ്വഹണമേ (ലോക)

(അനുപല്ലവി)

ആനന്ദം തരും അഖിലനിദാനം—
അജ്ഞ്,ലിവേകകമേ, നിർണ്ണിതം,
ലോകനിയാമകമാം നിയമമേ (ലോക)

(ചരണം)

ധീര ജീവനമതിൽ ജീവിത ജോഷം[1],
പാരത്രികം പരമേകനിശ്രേഷ്ഠം,
കേവലപ്രേമ മുഗ്ദ്ധജിത മഹാ ചൈതന്യമെ
വിഘ്നമാകാതെയിതിൻ —
ഫലം ഭവ്യകം തരണേ. (ലോക)

(കർട്ടൻ വീഴുന്നു.)

ശുഭം.

[1] സുഖം



കേരളക്കരയിൽ ഇന്നേത്തെ ദാരിദ്ര്യനിവാരണം വരുത്തിയ പൂളേക്കിഴങ്ങ്.

# 5,000 ക. ഇനാം

## ശത്രു ഏജൻറന്മാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്കു ബോദ്ധ്യമാംവണ്ണം തെളിയിക്കുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മെണ്ടു് ഇനാം കൊടുക്കുന്നതാണു്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണു്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരച്യൂട്ടു് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു് സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സു് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സു് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സു് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ചു്, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണു്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ത്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണു്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണു്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മെണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡു് ഗവൎമ്മെണ്ടു് ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡു് ഗവൎമ്മെണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUB[illegible]ITY, "VICTORY HOUSE", MOUNT [illegible], MADRAS.